# മലങ്കരസഭ

## മാസിക

Christ
is
risen !



1987
ഏപ്രിൽ
ലക്കം 4
പുസ്തകം 42





അമേരിക്കയിലെ Holy Protection ആശ്രമാധിപൻ ആർച്ചുബിഷോപ്പ് ജോർജ്ജ് ബർക്കും റമ്പാൻ ആർസററിയസും മക്കാറിയോസ് മെത്രാപ്പോലീത്തായും ഒന്നിച്ച് നിരണം വലിയപള്ളിയിൽ ചേർന്ന വിദ്യാർത്ഥിപ്രസ്ഥാനവാർഷികസമ്മേളനത്തിൽ സംബന്ധിച്ചപ്പോൾ. ജനറൽ സെക്രട്ടറി ഫാ. ജോൺ തോമസിനെയും കാണാം.



55 ലക്ഷം രൂപ മുടക്കി കുന്നംകുളം കോട്ടപ്പടിയിൽ നിർമ്മാണം പൂർത്തിയാക്കിയ ഡേവിഡ്സൺ മെമ്മോറിയൽ ഹോസ്പിററൽ. അത്യാധുനിക സജ്ജീകരണങ്ങളോടു കൂടിയ ഈ ആശുപത്രി പുതുപ്പാടി സെൻറ് പോൾസ് കോൺവെൻറിലെ സിസ്റ്റേഴ്സിൻെറ പരിപൂർണ്ണചുമതലയിൽ അടുത്തുതന്നെ പ്രവർത്തനം ആരംഭിക്കുന്നതാണ്.


# മലങ്കരസഭ

10-4-1987


# മലങ്കര ഓർത്തഡോക്സ് സഭാദിനം

## പ. ബാവാ തിരുമനസ്സിലെ കല്പനയിൽനിന്ന്

പ്രിയരെ,

പതിവുപോലെ നമ്മുടെ സഭാദിനം (കാതോലിക്കാദിനം) ഈ വർഷവും മുപ്പത്തിയാറാം ഞായറാഴ്ച ആഘോഷിച്ചിരിക്കുകയാണല്ലോ. സഭാംഗങ്ങൾക്ക് സഭാദിനമംഗളം ആശംസിച്ചുകൊണ്ട് നാം അയച്ച കല്പന കിട്ടിക്കാണുമല്ലോ.

നമ്മുടെ സഭ എല്ലാ തുറകളിലും പൂർവ്വാധികം പുരോഗതി പ്രാപിച്ചുവരുന്നു എന്നതിൽ നിങ്ങളോടൊപ്പം നാമും സന്തോഷിക്കുന്നു. സഭയുടെ വിവിധ രംഗങ്ങളിലെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പ. സുന്നഹദോസിൻെറയും മാനേജിംഗ് കമ്മററിയുടെയും അംഗീകാരത്തോടുകൂടി നടപ്പാക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള പല പദ്ധതികളും നിങ്ങളെ അറിയിച്ചിട്ടുണ്ട്. ഇവയ്ക്കെല്ലാം സഭാംഗങ്ങളുടെ ആത്മാർത്ഥമായ സഹകരണം ആവശ്യമാണ്.

ഈവക കാര്യങ്ങൾക്കുള്ള പ്രധാന വരുമാനമാർഗ്ഗം ആണ്ടിൽ ഒരിക്കലുള്ള നമ്മുടെ കാതോലിക്കാദിനപ്പിരിവാണ്. കാതോലിക്കാദിനപ്പിരിവു സംബന്ധിച്ച് നാം പള്ളികൾക്കയയ്ക്കുന്ന കല്പനയിൽ ഓരോ ഗൃഹനാഥനും ഒരു ദിവസത്തെ ശരാശരി മൊത്ത വരുമാനത്തിൽ കുറയാത്ത ഒരു തുക സഭയുടെ വിവിധ ആവശ്യങ്ങൾക്കായി കാതോലിക്കാദിനപ്പിരിവിലേക്ക് നല്കണമെന്ന് ആവശ്യപ്പെടാറുണ്ടല്ലോ. എന്നിരുന്നാലും വളരെ ചുരുക്കം ആളുകൾ മാത്രമെ അപ്രകാരം ചെയ്യാറുള്ളു എന്നത് ഖേദകരമാണ്. സഭയിലെ ഓരോ അംഗവും വാർഷിക വരുമാനത്തിൻെറ 365-ൽ ഒരു ഭാഗമെങ്കിലും (അതായത് ഏകദേശം കാൽ ശതമാനം) സഭയുടെ പൊതു ആവശ്യങ്ങൾക്കായി കൊടുക്കണമെന്നുള്ളത് സഭാംഗങ്ങൾ ഒരു നിഷ്ഠയായി വളർത്തിയെടുക്കണമെന്ന് നാം താല്പര്യപ്പെടുന്നു.

ആകയാൽ നമ്മുടെ എല്ലാ വാൽസല്യ മക്കളും ഒരു ദിവസത്തെ ശരാശരി വരുമാനത്തിൽ കുറയാതെ ഒരു തുക സഭയ്ക്ക് സംഭാവന ചെയ്ത് ഈ വർഷത്തെ പരിപാടികൾ വിജയിപ്പിക്കണമെന്ന് നാം താല്പര്യപ്പെടുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

### ഈ ലക്കത്തിൽ


* മലങ്കര ഓർത്തഡോക്സ് സഭാദിനം
* ധ്യാനപംക്തി
* പ. ബാവാ തിരുമേനി സഭൈക്യത്തിൻെറ സന്ദേശവാഹകൻ
* ബൈബിളിലെ സൃഷ്ടിചരിത്രം വിവാദം ഉയർത്തുന്നുണ്ടോ?
* നമ്മുടെ കർത്താവിൻെറ പുനരുത്ഥാനം
* മാതൃസഭയുടെ വേരുകൾ തേടി അമേരിക്കൻ മെത്രാപ്പോലീത്താ മലങ്കരയിൽ
* മദ്യവും മയക്കുമരുന്നുകളുടെ കടന്നാക്രമണവും
* കാൽ കഴുകൽ ശുശ്രൂഷയുടെ അർത്ഥം
* മലങ്കര ഓർത്തഡോക്സ് സഭയുടെ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ
* സഭാവാർത്തകൾ
* ബൈബിൾപഠനം

ധ്യാന പംക്തി

# കപടതയുടെ പൊയ്മുഖം

## യൂദാസ് സ്കറിയോത്താ

ഫാദർ ലാസ്സറസ്, ഓ. ഐ. സി.

കഷ്ടാനുഭവയാഴ്ചയിൽ നാം കാണുന്നതിൽ ഏററവും ദയനീയ മുഖം മററാരുടേതുമല്ല: ഒററുകാരനായിത്തീർന്ന യഹൂദയുടേതുതന്നെ. യൂദായെ വെറുപ്പോടെ നോക്കുന്നവരാണ് നാമെല്ലാവരും. എന്നാൽ യൂദായിൽ നമ്മുടെ രൂപമാണ് നാം കാണുന്നതെന്ന് നാം മറന്നുപോകരുത്. വഞ്ചകനായി ആരും ജനിക്കുന്നില്ല, മനുഷ്യൻ വഞ്ചകനായിത്തീരുകയാണ്. ''അതു ഞാനോ കർത്താവേ! ഞാനോ'' എന്നുള്ള ചോദ്യം നമ്മോടുതന്നെ ചോദിച്ച് ഉത്തരം കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. യൂദായെ യേശു എങ്ങനെ കണ്ടുമുട്ടിയെന്ന് സുവിശേഷം വിവരിക്കുന്നില്ല. അവനെ തെരഞ്ഞെടുത്തത്, അവനിൽ നിറഞ്ഞുനിന്ന കഴിവുകളെ കണക്കിലെടുത്തുകൊണ്ടായിരിക്കണം. സഹോദര ശിഷ്യന്മാരും അവനിൽ വിശ്വാസം അർപ്പിച്ചിരുന്നതുകൊണ്ടായിരിക്കണം സമർത്ഥനായ അവനെ പണം സൂക്ഷിപ്പുകാരനായി അവർ അവരോധിച്ചത്. ''നിങ്ങളിൽ ഒരുവൻ എന്നെ ഒററിക്കൊടുക്കു''മെന്ന് അന്ത്യ അത്താഴസമയത്ത് ഗുരുനാഥൻ സൂചിപ്പിച്ചപ്പോഴും ആരും യൂദായുടെ നേരെ നോക്കിയില്ല. ഓരോരുത്തരും അവനവന്റെ ഹൃദയത്തിലേക്ക് നോക്കുകയാണു ചെയ്തത്.

യേശുവിന്റെ പൈതലേ, അവന്റെ സ്നേഹത്താൽ ആകർഷിക്കപ്പെട്ടവനേ, സമൂഹത്തിന്റെ പണം കൈകാര്യം ചെയ്യുന്നവനേ! നിന്റെ പുറമെ കാണുന്ന മേലാടയ്ക്കുള്ളിൽ ഒരു സാത്താൻ ഉറങ്ങിക്കിടക്കുന്നുവെന്ന ദുഃഖസത്യം നീ മറക്കരുത്.

യൂദാ എങ്ങനെ ഒററുകാരനായി? തെററിലേക്കുള്ള ചായ്വ് ക്രമേണയുള്ള ഒരു നീക്കമായിരുന്നു. കർത്താവിന്റെ സന്തത സഹചാരികളായി പത്രോസും യോഹന്നാനും യാക്കോബും തെരഞ്ഞെടുക്കപ്പെട്ടപ്പോഴും ശിഷ്യന്മാരിൽ അതിപ്രധാനമായ ഒരു സ്ഥാനം അലങ്കരിച്ചിരുന്ന യൂദായിൽ നിരാശയുടെ വിത്തു പാകിയിരുന്നിരിക്കാം. എല്ലാററിനുമുപരി യേശു രാജാവായിത്തീരുമെന്നും മററും അവൻ ആഗ്രഹിച്ചതൊന്നും നടന്നുകാണാഞ്ഞതിൽ അവന് കൂടുതൽ അമർഷമുണ്ടായിരുന്നു. യേശുവിന് ഭൗതികമായി ഒരു സാമ്രാജ്യവും കൊട്ടാരവും പ്രതാപവും എല്ലാം അവൻ ഭാവനയിൽ നെയ്തെടുത്തിരുന്നു. ഓശാന ദിവസത്തെ ഘോഷയാത്രയിൽ അവന്റെ മോഹനസ്വപ്നം പൂവണിയുന്നതായി അവനു തോന്നി. അന്ന് അവൻ ഏററം സന്തോഷിച്ചുകാണും. പക്ഷെ യൂദായെ! നിനക്കു തെററിപ്പോയി. പിന്നീടുള്ള സംഭവവികാസങ്ങൾ അവനെ കടുത്ത നിരാശനാക്കി. ഗുരുവിനെ ഒററിക്കൊടുപ്പാനായി അവൻ ഇറങ്ങി. അവന്റെ മനസ്സിലെ ഈ ചിന്ത യേശു അറിഞ്ഞിരിക്കുമെന്നു കണ്ടതിനാൽ യേശുവിന്റെ സാന്നിദ്ധ്യത്തെ അവൻ ഭയപ്പെട്ടു. ജീവനാഥന്റെ വിലയായി 30 വെള്ളി, ഒരടിമയുടെ വില, അവൻ പറഞ്ഞൊത്തു. ഇങ്ങനെ ദ്രവ്യാഗ്രഹം അവനെ ഈ കടുംകൈയ്ക്ക് പ്രേരിപ്പിച്ചു. ഇത് അവനെ നാശത്തിൽ കൊണ്ടെത്തിക്കുകയും ചെയ്തു.

മൂന്നു പേരുടെ വാക്കിലൂടെ ആ നിരാശാനിരതമായ അന്ത്യത്തിന്റെ ചിത്രം നമുക്കു കാണാം.

### 1. പത്രോസ് ശ്ലീഹായുടെ വാക്ക്

''യൂദാ അവൻ ഒരുക്കിയ സ്ഥലത്തേക്കു പോയി''.

അവനവൻ ഒരുക്കുന്നിടത്തേക്ക് അവനവൻ ചെന്നെത്തും എന്നതിനു സംശയമില്ല. അവനവന്റെ വഴി അവൻതന്നെ ഒരുക്കുന്നു. രവീന്ദ്രനാഥ ടാഗോർ ചോദിക്കുന്നതുപോലെ ''ബന്ധനസ്ഥാ നിന്നെ ബന്ധിച്ചതാരെന്ന് എന്നോടു പറയൂ.'' ''ബന്ധനസ്ഥാ നിന്നെ ബന്ധിച്ചിരിക്കുന്ന ചങ്ങല തീർത്തത് നീ, നീതന്നെയാണ്''. സത്യം.

### 2. യേശുവിന്റെ വാക്കുകൾ

''ആ നാശപുത്രൻ അല്ലാതെ ആരും എനിക്കു നഷ്ടപ്പെട്ടിട്ടില്ല '' വി. യോഹ. 17:12.

തന്റെ മഹാപുരോഹിത പ്രാർത്ഥനയിൽ മനം നൊന്ത് യേശുതമ്പുരാൻ പിതാവിനോടു പറഞ്ഞ വാചകമാണിത്. അവന്റെ വഞ്ചനയെപ്പററി തമ്പുരാൻ നേരത്തെ അറിഞ്ഞിരുന്നെങ്കിലും അവനെ ശിഷ്യഗണത്തിൽ നിന്നും തള്ളിക്കളഞ്ഞില്ല.



പ്രത്യുത വീണ്ടും വീണ്ടും കുടിലതയിൽ നിന്നും പിന്തിരിയുവാൻ അവന് അവസരം നൽകി. ''എന്റെ ശിഷ്യാ നീ എന്നെ ദ്വേഷിക്കയും ഏല്പിക്കയും ചെയ്യത്തക്കവണ്ണം നിനക്കു തരുന്നതിൽ എന്തു കുറവാണ് ഞാൻ ചെയ്തിട്ടുള്ളത്. എന്നെ കൊലയ്ക്കും ക്രൂശാരോഹണത്തിനും കൊടുക്കത്തക്കവണ്ണം കയ്യഫാ നിനക്കു നൽകിയതെന്ത്? ശിഷ്യാ നിന്നെ വ്യാമോഹിപ്പിച്ചവനാര്? നിന്റെ സഹോദരഗണത്തിൽ നിന്ന് നിന്നെ വേർതിരിച്ചതാര്? നീ മനോഹര ദീപയഷ്ടി ആയിരുന്നിട്ടും ദുഷ്ടൻ നിന്നിൽ ഊതുകയാൽ നീ കെട്ടുപോയി'' എന്നിങ്ങനെ യേശു അവനെ ഓർത്തു വിലപിച്ചു.

### 3. യൂദായുടെതന്നെ വാക്കുകൾ

''ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ ഞാൻ പാപം ചെയ്തു'' (വി. മത്തായി 27:3)

ഗുരു, വധശിക്ഷയ്ക്കു വിധിക്കപ്പെടുന്നതു കണ്ടപ്പോഴാണ് തന്റെ വഞ്ചനയുടെ ആഴം യൂദാ അറിഞ്ഞത്. അത് അവനെ തളർത്തിക്കളഞ്ഞു. നരകത്തിന്റെ അഗ്നി അവന്റെ ഹൃദയത്തിന്റെ ഉള്ളറയിൽ കത്തിതുടങ്ങിയിരുന്നു. അവൻ ഉച്ചത്തിൽ കരഞ്ഞു, ''ഞാൻ ഉന്നതരാജ്യത്തിൽ നിന്നും നരകത്തിലേക്ക് തള്ളപ്പെട്ടിരിക്കയാൽ എനിക്കു കഷ്ടം''. സ്വന്തമായി താങ്ങിനിർത്താവുന്നതിലുമപ്പുറമായിതീർന്നു അവന്റെ വേദന. അവൻ സഹായത്തിന് ഓടി. ആ ഭാരം ഒന്നിറക്കിവയ്ക്കുവാൻ അവൻ വീണ്ടും നീചന്മാരുടെ അടുക്കലേക്കു തന്നെ ഓടി. ഇന്നലെ പാപം ചെയ്യാൻ പ്രേരിപ്പിച്ച അവർതന്നെ ഇന്ന് യൂദായെ തള്ളിക്കളഞ്ഞു. അവൻ നിരാശയോടെ അലറി ''ഞാൻ കുററമില്ലാത്ത രക്തത്തെ കാണിച്ചുകൊടുത്തതിനാൽ ഞാൻ പാപം ചെയ്തുപോയി''.

ഈ കരച്ചിൽ ഒരു യഥാർത്ഥ അനുതാപത്തിന്റെ നിലവിളി ആയിരുന്നില്ല. കരുണയ്ക്കു വേണ്ടിയുള്ള ഒരു യാചന ആയിരുന്നില്ല. പ്രത്യുത എല്ലാം നഷ്ടപ്പെട്ട ഒരു ഹതഭാഗ്യന്റെ മരണവെപ്രാളമായിരുന്നു.

കടശശി, കുശവന്റെ വൃക്ഷക്കൊമ്പിൽ ആ നിരാശന്റെ ജീവിതം അവസാനിച്ചു. അങ്ങനെ പ്രത്യാശയിൽ ആരംഭിച്ച് നിരാശയിൽ ആ വിളക്കണഞ്ഞു.

നമുക്കും പലപ്പോഴും ദ്രവ്യാഗ്രഹം നിമിത്തം യേശുനാഥനെ തള്ളിക്കളയാൻ ഇടയാകുന്നില്ലേ? ദ്രവ്യാഗ്രഹം നമ്മെ നൈരാശ്യത്തിൽ ആഴ്ത്തിക്കളയുന്നില്ലേ? ഇത് യൂദായുടെ മാത്രം ചിത്രമല്ല. എന്റെയും നിങ്ങളുടേയും ചിത്രമാണിത്. നൈരാശ്യം എന്നത് ദൈവത്തിന്റെ പ്രകാശത്തിൽനിന്നുള്ള ഒരു പിൻതിരിയലാണ്. ദൈവം നമ്മുടെ എല്ലാ കുറവുകളും ക്ഷമിക്കുന്നു. പക്ഷേ നമ്മുടെ നിരാശ പൊറുക്കുകയില്ല. നമുക്ക് ഇപ്പോൾ നേരിടേണ്ടിവന്നിരിക്കുന്ന പ്രശ്നം എത്രതന്നെ വിഷമമേറിയതായികൊള്ളട്ടെ. അതിന്റെ പ്രത്യക്ഷീഭാവത്തിൽ അന്ധാളിച്ച് അത് പരിഹരിക്കാനാകാത്തതാണെന്നുള്ള ധാരണയിൽ നാം വഞ്ചിതരാകരുത്. മനുഷ്യനെ രക്ഷിക്കുവാൻ ദൈവത്തിനു മാത്രമേ കഴിയൂ. നാം ആയിരിക്കുന്ന അവസ്ഥയിൽ നമ്മെ ദൈവത്തിന്റെ കരങ്ങളിൽ ഏല്പിച്ചുകൊടുക്കുകയല്ലാതെ, നമ്മുടെ പ്രശ്നങ്ങളുടെ കുരുക്കിൽനിന്നും രക്ഷപെടുവാൻ ആകാശത്തിൻ കീഴിൽ യാതൊരു മാർഗ്ഗവുമില്ല. നമ്മുടെ ഭാരം അതായിരിക്കുന്ന അവസ്ഥയിൽ ദൈവത്തെ ഭരമേല്പിക്കുക. അവൻ നമ്മെ പുലർത്തിക്കൊള്ളും.

നമുക്ക് ഇങ്ങനെ പ്രാർത്ഥിച്ചു പറയാം ''സ്നേഹമയനായ യേശുവേ! ആഴമേറിയ അഴലാലും മിഴിനീരാലും എന്നെ ചൊല്ലി വിലപിക്കുന്നവനേ! തോട്ടത്തിൽവച്ച് ഒററുകാരൻ യൂദാ ചുംബനംകൊണ്ട് നിന്നെ കാണിച്ചുകൊടുത്തുവല്ലൊ. ഞാനോ നിന്നെ എത്രയോ പ്രാവശ്യം എന്റെ പ്രവൃത്തികളാൽകൊണ്ട് നിന്നെ ഒററിക്കൊടുത്തിരിക്കുന്നു! എനിക്ക് സത്യ അനുതാപം നൽകണമെ! യൂദായെപ്പോലെ നിരാശപ്പെടാതെ പ്രത്യാശയിൽ എന്നെ കാത്തുകൊള്ളണമെ. നിന്റെ കഷ്ടാനുഭവത്തിൽ നിന്നോടുകൂടെ പുതുതായി കുരിശിക്കപ്പെടുന്നതിനും നിന്റെ ഉയിർപ്പിൻ ശക്തി പ്രാപിക്കുന്നതിനും നിന്റെ മഹത്വത്തിനായി എന്നാളും ജീവിക്കുന്നതിനും എന്നെ യോഗ്യനാക്കണമെ.

# പ. ബാവാ തിരുമേനി സഭൈക്യത്തിന്റെ സന്ദേശവാഹകൻ

സ്വന്തം പ്രതിനിധി

ഭാരതത്തിലെ വിവിധ ക്രൈസ്തവ സഭാവിഭാഗങ്ങൾ തമ്മിലുള്ള ഐക്യത്തിനും സൗഹൃദത്തിനും പ. കാതോലിക്കാബാവാ തിരുമേനി ചെയ്തുകൊണ്ടിരിക്കുന്ന നിസ്തുല സേവനങ്ങൾ വിലപ്പെട്ടതാണെന്ന് ചങ്ങനാശേരി ആർച്ചു ബിഷപ്പ് ഡോ. ജോസഫ് പൗവ്വത്തിൽ തിരുമേനി പ്രസ്താവിച്ചു.

പ. ബാവാ തിരുമനസിലെ 81–ാം ജന്മദിനാഘോഷത്തോടനുബന്ധിച്ച് കൊല്ലം ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ മാവേലിക്കര പുതിയകാവ് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയങ്കണത്തിൽ നടന്ന ഏകദിന സമ്മേളനം ഉൽഘാടനം ചെയ്തുകൊണ്ടു പ്രസംഗിക്കവെയാണ് അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചത്.

എക്യുമെനിസത്തിന്റെ ജ്വലിക്കുന്ന പ്രതീകമായി നാലയ്ക്കൽ പള്ളി നിലകൊള്ളുന്നതിനു തിരുമേനി വഹിച്ച മഹത്തായ പങ്കിനെ പൗവ്വത്തിൽ തിരുമേനി മുക്തകണ്ഠം പ്രശംസിച്ചു.

ക്രിസ്തീയ ശുശ്രൂഷയിൽ ആരാധനക്കുള്ള സ്ഥാനം പൂർണ്ണമായും മനസിലാക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സഭാദ്ധ്യക്ഷനാണു പ. ബാവാ തിരുമേനിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. സഭയെ രൂപാന്തരപ്പെടുത്തുകയും ചൈതന്യവത്താക്കുകയും ചെയ്യുന്നത് ആരാധനയാണെന്ന സത്യം പലരും വിസ്മരിക്കുമ്പോൾ അതിനുവേണ്ടി അർപ്പണബോധത്തോടും ശുഷ്കാന്തിയോടും പ്രവർത്തിക്കുന്ന പ. ബാവാ തിരുമനസിലെ സഭാസ്നേഹവും ദീർഘദൃഷ്ടിയും പ്രശംസനീയമാണെന്ന് പൗവ്വത്തിൽ പിതാവ് തുടർന്നു പറഞ്ഞു. ജീവിക്കുന്ന സഭയിൽ ദൈവശാസ്ത്ര വാഖ്യാനം പോലെതന്നെ പ്രാധാന്യമുള്ളതാണ് ആരാധനയെന്നും ആരാധനയിലൂടെയുള്ള പ്രപഞ്ചവീക്ഷണം അതിശ്രേഷ്ഠമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

മലബാർ ഭദ്രാസനാധിപൻ തോമസ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്താ തിരുമനസിലെ അദ്ധ്യക്ഷതയിൽ ചേർന്ന ജന്മദിനാഘോഷ സമ്മേളനം പലതുകൊണ്ടും പുതുമ ഉൾക്കൊള്ളുന്നതായിരുന്നു.

വളരെയേറെ തെററിദ്ധരിക്കപ്പെട്ടിട്ടുള്ള ഒരു സഭാദ്ധ്യക്ഷനാണ് പ. ബാവാതിരുമേനിയെന്നും മഹാമേരുപോലെ ഉയർന്നുനിൽക്കുന്ന പ. ബാവാതിരുമനസിലെ വ്യക്തിത്വം മനസിലാക്കുവാൻ സാധാരണക്കാർക്കു കഴിയാതെ വരുന്നതാണ് തെററിദ്ധാരണക്കു കാരണമെന്നും അദ്ധ്യക്ഷൻ തിരുമേനി ചൂണ്ടിക്കാട്ടി.

തുടർന്ന് 'പ. കാതോലിക്കാബാവാ തിരുമേനി മനുഷ്യനും സഭയുടെ പരമാദ്ധ്യക്ഷനും' എന്ന പ്രബന്ധം ഡോ. സാമുവൽ ചന്ദനപ്പള്ളി അവതരിപ്പിച്ചു. ബഹുമുഖ പ്രതിഭാധനനായ പ. ബാവാതിരുമനസിലെ പ്രഭാപൂർണ്ണമായ ജീവിതത്തിന്റെ ഒരു തെളിഞ്ഞ ചിത്രം കാഴ്ചവയ്ക്കുവാൻ ഡോ. ചന്ദനപ്പള്ളിക്കു കഴിഞ്ഞു.

നിരണം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമേനി, സി. കെ. കൊച്ചുകോശി, തോമസ് കുതിരവട്ടം എം. പി, പ്രൊഫ. ചെറിയാൻ കൊഴുവല്ലൂർ എന്നിവർ പ്രബന്ധത്തെ സ്വാഗതം ചെയ്തും പ. ബാവാതിരുമനസിലെ അപദാനങ്ങളെ പ്രകീർത്തിച്ചും ആശംസകൾ അർപ്പിച്ചു.

ഉൽഘാടന സമ്മേളനത്തിൽ സമുദായ സെക്രട്ടറി ശ്രീ. പോൾ മത്തായി സ്വാഗതം ആശംസിച്ചു. കൊല്ലം ഭദ്രാസന സെക്രട്ടറിയും, ജന്മദിനാഘോഷപരിപാടികളുടെ പ്രധാന സംഘാടകനും ആയ റവ. ഫാ. മത്തായി വിളനിലം കൃതജ്ഞത പ്രകാശിപ്പിച്ചു.

ഔദ്യോഗികമോ അനൗദ്യോഗികമോ ആയ ഏതു

(ശേഷം 27–ാം പേജിൽ)

# ബൈബിളിലെ സൃഷ്ടിചരിത്രം വിവാദം ഉയർത്തുന്നുണ്ടോ?

ഫാ. തോമസ് ബി. എ. ബി. ററി., ചക്കിട്ടടം

വി. വേദപുസ്തകത്തിലെ ഒന്നാം പുസ്തകം ഒന്നാം അദ്ധ്യായം ഒന്നാം വാക്യം വായിച്ചിട്ടുള്ള അഭ്യസ്ഥവിദ്യരിൽ പലരും ചില സംശയങ്ങളുടെ നിഴലിൽ കഴിഞ്ഞുകൂടുകയാണെന്നു പറഞ്ഞാൽ അതിശയോക്തിപരമായിരിക്കുമെന്ന് തോന്നുന്നില്ല. അവിടെ പറയുന്നത് 'ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു' എന്നത്രെ. പക്ഷെ ഇന്ന് ശാസ്ത്രജ്ഞൻമാരിൽ ഒരു പങ്ക് ഇവയുടെ പിന്നിൽ ഒരദൃശ്യശക്തിയുണ്ടായിരുന്നതായി വിശ്വസിക്കുന്നില്ല. ഇവരുടെ നിഗമനങ്ങൾ മാത്രമാണ് സ്കൂളുകളിലും കലാശാലകളിലും ബോധനത്തിനുപയോഗിക്കുക. കുരുന്നുമനസുകളിൽ ദൈവത്തെ ത്യജിച്ച് ലഭിച്ചിട്ടുള്ള അറിവുകൾ പ്രായമാകുന്നതോടുകൂടി ആഴത്തിൽ വേരുന്നി മതഗ്രന്ഥങ്ങളെപ്പററി അവിശ്വാസം ജനിപ്പിക്കുന്നു.

പ്രപഞ്ചത്തെപ്പററി (ആകാശവും അതിലുള്ളതും) ചിന്തിക്കുമ്പോൾ സൂര്യൻ, ഭൂമി, സൂര്യനോട് ബന്ധപ്പെട്ടു കിടക്കുന്ന നവഗ്രഹങ്ങൾ, അവയുടെയൊക്കെ ഉപഗ്രഹങ്ങൾ, ദൃശ്യവും അദൃശ്യവുമായി എണ്ണമററ നക്ഷത്രങ്ങൾ, അവയ്ക്കിടയിലായി ചിലപ്പോൾ കാണപ്പെടുന്ന പൊടിയും വാതകവും (dust and gas) കലർന്ന മേഘപടലങ്ങൾ (Nebulae) ഇവയെല്ലാം കൂടിയ സംഘമാണ് ഓർമ്മയിൽ എത്തുക. ദൂരദർശിനികൾ ഇല്ലാതിരുന്ന ഒരു കാലഘട്ടത്തിൽ (A. D. 140) മിസ്രേം (Egypt) കാരനായ ടോളമി (Ptolemy) എന്ന ശാസ്ത്രജ്ഞൻ ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രമാണെന്ന് ധരിച്ച് ഗോളങ്ങളുടെ സങ്കീർണ്ണനീക്കത്തെ വിശദീകരിക്കാൻ ശ്രമിക്കുകയുണ്ടായി. അന്നുമുതൽ ഈ അടുത്ത സമയംവരെ ദൈവത്തെ ഒഴിച്ചുനിർത്തിയുള്ള ഒരു പ്രപഞ്ചോല്പത്തിയെപ്പററി ഓരോരോ സിദ്ധാന്തങ്ങൾ മനുഷ്യൻ ആവിഷ്കരിച്ച് വിശ്വസിച്ചുപോന്നു. പഴയത് തെററാണെന്നു കാണുമ്പോൾ പുതിയതിന് വഴിമാറിക്കൊടുക്കുന്നു. അതിൽവച്ച് ഏററവും ആധുനികമായ ഒന്നാണ് മേഘപടലസിദ്ധാന്തം (Nebula Theory) ദൈവത്തെ പിൻതള്ളി ചമച്ചിട്ടുള്ള ഇതും ഭാവിയിൽ തിരുത്തപ്പെടുകയില്ലെന്ന് ആർക്കാണ് പറയുവാൻ കഴിയുക?

പ്രപഞ്ചത്തിന്റെ തുടക്കത്തിൽ ശൂന്യാകാശത്ത് തനിയെ ഒരു ബ്രഹുത്സ്പോടനം നടന്നു കാണണമെന്നും അതിന്റെ ഫലമായി ഒട്ടനവധി അതിവിശാലമായ മേഘപടലങ്ങൾ ശൂന്യാകാശത്ത് പ്രത്യക്ഷപ്പെട്ടുവെന്നും ശാസ്ത്രം അനുമാനിക്കുന്നു. കറങ്ങിക്കൊണ്ടിരുന്ന ഓരോ മേഘപടലത്തിലെയും ചെറുതരികൾ തമ്മിലുള്ള ആകർഷണം കൊണ്ട് ചെറുഗോളങ്ങളായാണ് പ്രാരംഭത്തിൽ ഉടലെടുത്തതെങ്കിലും ക്രമേണ ചുററുമുള്ള ഈ തരികളുടെ നിലക്കാത്ത പ്രവാഹംമൂലം അവ വളർന്ന് ഇന്നത്തെ ഗോളങ്ങളായെന്നുമാണ് വിശ്വസിക്കപ്പെടുന്നത്. നാം അധിവസിക്കുന്ന ഭൂമിയുടെ ഉപരിതലത്തിലേക്ക് ഇപ്പോഴും ആ പ്രാഥമികതരികൾ (ഉല്ക്കകൾ അല്ലെങ്കിൽ കൊള്ളിമീൻ) പതിച്ച് ഭൂമിയുടെ ഭാരം വർദ്ധിച്ചുകൊണ്ടിരിക്കുന്നത് ഈ പ്രതിഭാസത്തിന് തെളിവാണെന്നും അവകാശപ്പെടുന്നു. പക്ഷെ ഈ 'കൊള്ളിമീനു'കളുടെ ഉത്ഭവം എങ്ങിനെയാണെന്ന് നിശ്ചയമില്ലെന്നത്രെ ആധുനിക ചിന്താഗതി. (P. 107 of Malayala Manorama Year Book). മേൽപറഞ്ഞ നെബുലയുടെ കറക്കത്തിന്റെ ശക്തിയിൽ ഇതിന്റെ ഉപരിതലത്തോടടുത്ത് ജന്മംകൊണ്ട ഗോളങ്ങൾ അവിടെനിന്നും വേർപ്പെട്ട് മാതൃഗോളത്തിന് ചുററും സഞ്ചരിക്കുകയാണെന്നും പറയപ്പെടുന്നു. (കറങ്ങുന്ന ഒരു പമ്പരത്തിൽ നിക്ഷേപിച്ച മണൽത്തരികൾ വേർപ്പെട്ട് അതിനുചുററും സഞ്ചരിക്കുന്നത് മനസിൽവച്ച് ചിന്തിക്കുക).

പക്ഷെ ഈ സിദ്ധാന്തം ഒട്ടനവധി പൊരുത്തക്കേടുകൾകൊണ്ട് വിശ്വസിക്കാവതല്ലെന്ന് സൂക്ഷ്മവിശകലനത്തിൽ നമുക്ക് മനസിലാകും.

ഒന്നാമത് മേഘപടലത്തിലെ ചെറുതരികൾ തമ്മിൽ ആകർഷിച്ച് ഗോളങ്ങൾ ഉടലെടുത്തുവെന്ന് വാദിക്കുന്നത് ശാസ്ത്രസത്യങ്ങൾക്ക് വിരുദ്ധമായിരിക്കും. കാരണം ചെറുതരികൾ തമ്മിൽ ആകർഷിക്കുന്നതിനു പകരം വികർഷിക്കുന്നതായിട്ടാണ് ശാസ്ത്രം നമുക്ക് തന്നിട്ടുള്ള അറിവ്.

ഈ സിദ്ധാന്തത്തെ തുരങ്കംവയ്ക്കുന്ന വേറൊരു വസ്തുത നവഗ്രഹങ്ങളെല്ലാം അതതിന്റെ അച്ചു

ത്തിൻമേൽ സൂര്യനെബുലയുടെ (Solar Nebula) കറക്കത്തിനൊത്ത് ഭ്രമണം ചെയ്യുമ്പോൾ നവഗ്രഹങ്ങളിലൊന്നായ വീനസും (Venus) നവഗ്രഹങ്ങളുടെ 45 ഉപഗ്രഹങ്ങളിൽ 6 എണ്ണവും വിപരീതദിശയിൽ കറങ്ങുന്നതു തന്നെയാണ്. സൂര്യനിൽനിന്ന് ഇവ ജനിച്ചതായിരുന്നുവെങ്കിൽ അതിന്റെ കറക്കത്തിനൊത്ത് ഗ്രഹങ്ങളെല്ലാം ഒരേ ദിശയിൽ സഞ്ചരിക്കുമായിരുന്നു. അങ്ങിനെ സംഭവിക്കാത്തതുനിമിത്തം മിക്ക ശാസ്ത്രജ്ഞൻമാർക്കും ഈ സിദ്ധാന്തത്തിൽ വിശ്വാസമില്ലാതായിരിക്കുകയാണ്. അല്ലൻ–ഇ–നൂർസ് (Allen-E-Noorse) എഴുതിയ 'നവഗ്രഹങ്ങൾ' എന്ന ഗ്രന്ഥത്തിൽ 225–ാം പുറം 6–ാം ഖണ്ഡികയിൽ 'വിപരീതദിശയിൽ കറങ്ങുന്ന ഉപഗ്രഹങ്ങളുടെ ഈ സ്വഭാവം അടങ്ങയററത്തെ ചിന്താക്കുഴപ്പം സൃഷ്ടിക്കുന്നതൊന്നാണ്'' എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. 'സൗരയൂഥം ആർക്കും വിശദീകരിക്കാനാവാത്ത ചെറിയ ചെറിയ അൽഭുതങ്ങൾകൊണ്ട് പൂരിതമാണെ'ന്നും മേൽപറഞ്ഞ ഗ്രന്ഥത്തിന്റെ 232–ാം പുറത്തും ചൂണ്ടിക്കാട്ടുന്നുണ്ട്. 'ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു (സങ്കീർത്തനം 19: 1) എന്നുള്ളത് എത്രയോ ശരിയാണ്. വീണ്ടും 240–ാം പുറത്ത് പറയുന്നു 'പുറകോട്ട് കറങ്ങുന്ന ഉപഗ്രഹങ്ങൾ ഈ സിദ്ധാന്തത്തെ തകിടംമറിച്ചിരിക്കുകതന്നെയാണ്'' എന്ന്.

ഇതിനേക്കാളേറെയൽഭുതം വേറൊന്നാണ്. സൂര്യനിൽനിന്ന് ഈ നവഗ്രഹങ്ങളെ വേർപ്പെടുത്തണമെന്നിരുന്നാൽ അത് അതിവേഗത്തിൽ–രണ്ടു മണിക്കൂറിൽ ഒരു പ്രാവശ്യം–കറങ്ങേണ്ടതുണ്ട്. 'വെറും 25 ദിവസത്തിലൊരിക്കൽമാത്രം കറങ്ങുന്ന സൂര്യന്റെ വേഗത ഗ്രഹങ്ങളെ വേർപെടുത്താൻ കഴിവില്ലെന്ന്'' നന്നായി ഓർത്തിരിക്കണം (p. 16 of Elements of Geology by Zumberge).

നവഗ്രഹങ്ങളിൽ ഒന്നായ ഭൂമി സൂര്യൻ കേന്ദ്രമായ നെബുലയിൽ നിന്നുടലെടുത്തതാണെങ്കിൽ ഭൂമിയിൽ സർവസാധാരണയായി കാണപ്പെടുന്ന മൂലകങ്ങൾ സൂര്യനിൽ കാണേണ്ടതുണ്ട്. തിരിച്ചും അങ്ങിനെതന്നെ വേണ്ടിയിരിക്കുന്നു. പക്ഷെ സൂര്യന്റെ സിംഹഭാഗവും ഹൈഡ്രജൻ വാതകംകൊണ്ട് നിറഞ്ഞതാണ്. ഹൈഡ്രജനെ അപേക്ഷിച്ച് ഒരു ചെറിയ ശതമാനം ഹീലിയവും (Helium) അതിലുണ്ട്. എന്നാൽ ഇവ രണ്ടും വൻതോതിൽ ഭൂമിയിൽ കാണപ്പെടുന്നില്ലെന്നു തന്നെയല്ല ഇവിടെ ധാരാളമായി കാണപ്പെടുന്ന സിലിക്ക (Silica)–മണ്ണ്–സൂര്യനിൽ അപൂർവ വസ്തുവാണുതാനും. അതുകൊണ്ടും ഭൂമിയുടെ ഉൽഭവം


CENTURY AGENCY
AMBASSADOR CORPORATION

753 FRANKLIN AVENUE,
FRANKLIN SQUIRE, NEW YORK-11010.
Phone: 516-872-2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U·S·A·
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M·B·A; G·R·I·




സൂര്യനിൽനിന്നാണെന്ന് പറയുന്നതിൽ യുക്തിഭംഗമുണ്ട്.

പെറുതരികൾ ചേർന്ന് ഭൂമി ഉടലെടുത്തതായിരുന്നുവെങ്കിൽ ഭൂമിയുടെ അന്തർഭാഗം താപശൂന്യമായിരിക്കണം. എന്നാൽ അഗ്നിപർവ്വത സ്ഫോടനം നിമിത്തം അതിനുള്ളിൽനിന്നും പുറപ്പെടുന്ന ലാവ നേരെ വിപരീതമായ നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. 1986–ലെ മനോരമ വാർഷികപ്പതിപ്പിൽ 120–ാം പുറത്ത് രേഖപ്പെടുത്തിയിരിക്കുന്നത് 'അഗ്നിപർവതങ്ങളുടെ ഉദ്ഭവ ലെടുപ്പിന് നിദാനമായ ശക്തിയുടെയും ലാവ ഉണ്ടാകുന്നതിനാവശ്യമായ ഇന്ധനോർജ്ജങ്ങളുടെയും ഉറവിടങ്ങൾ ഇതുവരെ സൂക്ഷ്മമായി ഗ്രഹിച്ചിട്ടില്ലെ'ന്നാണ്. 'ഭൂമിക്കുള്ളിൽ അത്യുഗ്രമായ ഊഷ്മാവാണെന്നും അതല്ല ഉൾഭാഗം താപരഹിതമാണെന്നും രണ്ടു വിപരീതാഭിപ്രായങ്ങളാണുള്ളത്'' എന്ന് മാലക്കോവ് (Malakhov) എഴുതിയിട്ടുള്ള 'ഹിസ്ററി ഓഫ് ദി എർത്ത്സ് മാൻറിൽ' (History of the Earth's Mantle) എന്ന ഗ്രന്ഥത്തിൽ 114–ാം പുറം അവസാന ഖണ്ഡികയിൽ രേഖപ്പെടുത്തിയിരിക്കുന്നു.

ഭൂമിയുടെ ഉൾഭാഗം ചൂടുള്ളതൊ തണുത്തതൊ എന്ന് ഗ്രഹിക്കുവാൻ അതിന്റെ പുറന്തോടിന്റെ ഏററവും കട്ടികുറഞ്ഞ ഭാഗമായ പസഫിക്ക് മഹാസമുദ്രഗർത്തങ്ങൾ കുഴിച്ചു പരിശോധിക്കുവാനുള്ള ഉദ്യമം (Moho Project) പരാജയം അടഞ്ഞിരിക്കുകയാണെന്ന് ക്ലൈഡ് ഓർ (Clyde Orr) എന്ന ശാസ്ത്രജ്ഞൻ 'ഭൂമിക്കും ശൂന്യാകാശത്തിനുമിടക്ക്'' (Between Earth & Space) എന്ന ഗ്രന്ഥത്തിൽ ചൂണ്ടിക്കാട്ടിയിരിക്കുന്നു. മുകളിൽ പ്രസ്താവിച്ചിരിക്കുന്ന കാരണങ്ങളെ ആസ്പദമാക്കി ചിന്തിക്കുമ്പോൾ ഭൂമി സൂര്യനിൽനിന്ന് വന്നതല്ലെന്ന് വ്യക്തം. ഒന്നിച്ചിവയെല്ലാം ഒരു പരാശക്തി സൃഷ്ടിച്ചതുതന്നെ ആയിരിക്കണം.

അടുത്തതായി ചന്ദ്രന്റെ ഉടലെടുപ്പുകൂടി ഒന്നു വിശകലനം ചെയ്തുനോക്കാം. ചന്ദ്രൻ എങ്ങനെ സൗരയൂഥത്തിൽ ഉൾപ്പെട്ട ഭൂമിയുടെ ഉപഗ്രഹമായെന്നും ആർക്കും നിശ്ചയമില്ല. എന്തുകൊണ്ട് ഈ ഉപഗ്രഹത്തിന് ഭൂമിയുടെ നാലിലൊന്ന് വലുപ്പം ലഭിച്ചു എന്നുള്ളതും ദുരൂഹമാണ്. മററു നവഗ്രഹങ്ങളുടെ ഉപഗ്രഹങ്ങൾക്കൊന്നും വലുപ്പത്തിൽ ചന്ദ്രന്റെ അടുത്തെങ്ങുമെത്താൻ കഴിവില്ല–ഭൂമിയുടെ ശൈശവത്തിൽ ചന്ദ്രൻ പസഫിക്ക് മഹാസമുദ്രം സ്ഥിതി ചെയ്യുന്ന ഭാഗത്തുനിന്നും വേർപ്പെട്ടതാണെന്നാണ് സ്ററോബ് (Staub) എന്ന ശാസ്ത്രജ്ഞന്റെ നിഗമനം. പസഫിക്കിന് ഇത്രവലരെ ആഴം വരാൻ കാരണം അതാണെന്നാണ് അനുമാനം. പക്ഷെ ചന്ദ്രനിൽനിന്ന് ചന്ദ്രയാത്രികരും ലൂണാ (Luna) റോക്കററുകളും പലപ്രാവശ്യമായി കൊണ്ടുവന്ന 800 റാത്തൽ മണ്ണ് പരിശോധിച്ചപ്പോൾ ഭൂമിയിലെ മണ്ണുമായി ഒരു ബന്ധവുമില്ലെന്നാണ് മനസിലാക്കിയിട്ടുള്ളത്. ഇന്ത്യയിൽ പ്രചരിക്കുന്നതും 1970 ഫെബ്രുവരിയിൽ (മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയതിനോടടുത്ത്) പ്രസിദ്ധപ്പെടുത്തിയതുമായ 'സ്പാൻ' (Span) എന്ന അമേരിക്കൻ മാസികയുടെ 4–ാം പുറത്ത് അങ്ങനെതന്നെ രേഖപ്പെടുത്തിയിരിക്കുന്നു. ചന്ദ്രനിലുള്ള ചെറുകുഴികളുടെ ഉപരിതലം സ്പടികംകൊണ്ട് ആവരണം ചെയ്തിട്ടുള്ളതും ചന്ദ്രപ്പാറകളിലെ മുഖ്യഘടകങ്ങൾ ടൈടാനിയം (Titanium), യിട്രിയം (Yitrium) സർക്കോണിയം (Zirconium) ആദിയായ ഭാരംകൂടിയ ലോഹങ്ങളുമാണ്. ഭൂമിയിൽ ധാരാളമായി കാണപ്പെടുന്ന സോഡിയം, പൊട്ടാസ്യം, ബിസ്മത്ത് ഇവ ചന്ദ്രനിൽ അപൂർവ്വ വസ്തുക്കളാണുതാനും. ഇങ്ങനെ ചന്ദ്രന് ഭൂമിയുമായി ഘടനയിൽ ഒരു സാമ്യവും ഇല്ലാത്തതുകൊണ്ട് ഇത് ഭൂമിയിൽനിന്നു വന്നതല്ല. 1986-ലെ മനോരമ വാർഷികപ്പതിപ്പിൽ 102–ാം പുറത്ത് പറയുന്നത് നോക്കുക. 'ചന്ദ്രൻ ഭൂമിയുടെ സന്താനമാണൊ, സഹധർമ്മിണിയാണൊ, കൂടപ്പിറപ്പാണൊ എന്നുള്ള ചോദ്യങ്ങൾക്കൊന്നും ഉത്തരമില്ലാതെ ഇപ്പോഴും അവശേഷിക്കുകയാണ്'' എന്നത്രെ രേഖപ്പെടുത്തിയിരിക്കുന്നത്. ചുരുക്കത്തിൽ ചന്ദ്രൻ ഭൂമിയിൽനിന്ന് വേർപെട്ടതാണൊ, അതോ ആകർഷിച്ച് സ്വന്തമാക്കിയതാണൊ അതോ ഭൂമിയോടൊപ്പം ഒന്നിച്ച് ജനിച്ചതാണൊ എന്നൊന്നും നിശ്ചയമില്ലെന്നു ചുരുക്കം.

ഡൺബാർ (Dunbar) എന്ന ശാസ്ത്രജ്ഞൻ തന്റെ 'ഹിസ്ററിക്കൽ ജിയോളജി' (Historical Geology) എന്ന ഗ്രന്ഥത്തിൽ 78–ാം പുറത്ത് പറയുന്നതുപോലെ 'സൗരയൂഥത്തിന്റെ ഉൽഭവത്തെപ്പററി പല സിദ്ധാന്തങ്ങളും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ടെങ്കിലും ഒന്നും എതിർപ്പുകളില്ലാതെ സ്വീകാര്യമായിട്ടുള്ളവയല്ല'. പിന്നെയെന്തിന് നിരന്തരം തിരുത്തിക്കുറിക്കുന്ന ശാസ്ത്രസിദ്ധാന്തങ്ങളെ വിശ്വസിച്ച് ജീവിതം അന്ധകാരമയമാക്കുന്നു.

ആകാശവും അതിലുള്ളതുമെല്ലാമൊന്നിച്ച് ദൈവം സൃഷ്ടിച്ചതുതന്നെ–തനിയെ ഉടലെടുത്തതല്ല.

# നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം

സി. ബേബി, പന്തളം

ക്രിസ്തു മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്നത് ക്രിസ്തുമതത്തിന്റെ സർവപ്രധാനമായ വിശ്വാസസത്യമാണ്. രക്ഷയ്ക്കുവേണ്ടിയുള്ള ക്രിസ്തുവിന്റെ പ്രവർത്തനങ്ങളുടെ പൂർത്തീകരണമാണ് പുനരുത്ഥാനം. ക്രിസ്തുമതത്തിന്റെ എല്ലാ സിദ്ധാന്തങ്ങൾക്കും ജീവനും ചൈതന്യവും നൽകുന്നതാണ് പുനരുത്ഥാനത്തിലുള്ള വിശ്വാസം. സുവിശേഷങ്ങളും അപ്പോ. പ്രവൃത്തികളും പുനരുത്ഥാനം ശക്തിയോടെ സാക്ഷീകരിച്ചിട്ടുണ്ട്. എന്നാൽ മനുഷ്യനേത്രങ്ങൾ പുനരുത്ഥാനം ദർശിച്ചിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്നതിന് തെളിവ് ഉയിർപ്പിനു ശേഷമുള്ള ഏതാനും സംഭവങ്ങളാണ്. ഒഴിഞ്ഞ കല്ലറ, ഉയിർപ്പിനുശേഷം പലർക്കും പ്രത്യക്ഷപ്പെട്ടത്, ചിലരോടുകൂടി നടന്നത്, ചിലരോടു കൂടി ഭക്ഷണം കഴിച്ചത് മുതലായവയാണ് പ്രധാന സംഭവങ്ങൾ. ആകെ 13 സന്ദർഭങ്ങളിൽ ക്രിസ്തു പ്രത്യക്ഷപ്പെട്ടതായി വ്യക്തമായ പ്രസ്താവനകൾ കാണുന്നുണ്ട്. 1 കൊരി. 15: 5–9–ൽ 500–ൽപരം ആളുകൾക്ക് ഒരുമിച്ചു പ്രത്യക്ഷപ്പെട്ടതായി പറയുന്നു. 1 കൊരി. 16: 14–19 വരെയുള്ള വേദഭാഗങ്ങളിൽ 'ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലായെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം. ഞങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ലായെങ്കിൽ, ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്ന് ദൈവത്തിന് വിരോധമായി സാക്ഷ്യം പറയുകയാൽ ഞങ്ങൾ ദൈവത്തിന് കള്ളസാക്ഷികൾ എന്നുവരും. മരിച്ചവർ ഉയിർക്കുന്നില്ലായെങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ലെങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥം. നിങ്ങൾ ഇന്നും നിങ്ങളുടെ പാപത്തിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചുപോയി'. ക്രിസ്തു ഉയിർത്തിട്ടില്ലയെങ്കിൽ സഭ ഇല്ല. അപ്പോസ്തോലൻമാർ രക്തസാക്ഷികൾ ആകുകയില്ലായിരുന്നു. ആയതിനാൽ ക്രിസ്തുമത വിശ്വാസസത്യങ്ങളിൽ പരമപ്രധാനമായതാണ് നമ്മുടെ കർത്താവിന്റെ പുനരുത്ഥാനം.

ക്രിസ്തു ഉയിർത്തെഴുന്നേറ്റത് എങ്ങിനെയാണ്. ലാസർ ഉയിർത്തതുപോലെയാണോ. ലാസറിനെ ഉയിർപ്പിച്ചത് പുനരുത്ഥാനമല്ല. അത് പഴയ ജീവൻ വീണ്ടും ശരീരത്തിന് ലഭിച്ചു എന്നുമാത്രം. ക്രിസ്തുവിന്റെ പുനരുത്ഥാനം പാടെ വ്യത്യസ്തമാണ്. കന്യാവ്രതത്തിന്റെ മുദ്രയ്ക്ക് കോട്ടംവരാതെ ജനിച്ചവൻ കബറിന്റെ മുദ്രയ്ക്ക് കോട്ടംവരാതെ ഉയിർത്തെഴുന്നേറ്റു.

'സീമാവാഹി പരാക്രമിയെ
കബറുകൾ ദ്രോഹികൾ പൂട്ടീടും
ഇടിവാൾപോലെ പുറത്തായ്താൻ
മുദ്രക്കില്ലാതൊരുകേടും.'

കബറിന്റെ ഗുഹാമുഖത്ത് വച്ചിരുന്ന കല്ല് ഉരുട്ടിനീക്കിയാണ് പുനരുത്ഥാനം നടന്നത് എന്ന് ചിലർ തെറ്റിദ്ധരിക്കുന്നു. പൊതുവിശ്വാസത്തിനായി മലാഖ കല്ല് നീക്കുകയായിരുന്നു. വി. മത്താ. 28: 3 ക്രിസ്തു ഉയിർത്തത് ദിവ്യത്വമുള്ള ഭൗമീക ശരീരത്തിലേക്കല്ല. പുനരുത്ഥാനത്തിന്റെ ശേഷമുള്ള ക്രിസ്തുവിന്റെ ശരീരം സാധാരണ ഭൗമികശരീരം അല്ലായിരുന്നു. പൗലൂസ് ശ്ലീഹായുടെ ഭാഷയിൽ പറഞ്ഞാൽ ദ്രവത്വമായത് അദ്രവത്വത്തെയും, മർത്യമായത് അമർത്യത്തെയും പ്രാപിച്ച് രൂപാന്തരപ്പെട്ട ശരീരം. എവിടെയും സഞ്ചാരയോഗ്യമായ ശരീരം. ശിഷ്യൻമാർ യഹൂദൻമാരെ ഭയന്ന് കതക് അടച്ചിരുന്നപ്പോൾ ക്രിസ്തു അവരുടെ നടുവിൽ പ്രത്യക്ഷപ്പെട്ടു. വി. യോഹ. 20: 19 കല്ലറ ഒഴിഞ്ഞുകിടന്നതിനാൽ ഉയിർപ്പിന് മർത്യശരീരത്തിന് പങ്ക് ഉണ്ടായിരുന്നു എന്ന് വ്യക്തമാണ്. എന്നു പറഞ്ഞാൽ ക്രിസ്തു ശരീരത്തോടുകൂടി ഉയിർത്തെഴുന്നേറ്റ് രൂപാന്തിരം പ്രാപിച്ച അഭൗമികശരീരമുള്ളവനായിതീർന്നു.

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



Maj K. Koshy.

ക്രിസ്തു ജീവിച്ചിരിക്കുമ്പോൾതന്നെ പുനരുത്ഥാനത്തെക്കുറിച്ച് പ്രസ്താവിച്ചിരുന്നു. ദേവാലയ ശുദ്ധീകരണ ദിവസത്തിൽ 'ഈ മന്ദിരം പൊളിപ്പിൻ. ഞാൻ മൂന്നു ദിവസത്തിനുള്ളിൽ അതിനെ പണിയും. മനുഷ്യപുത്രൻ പലതും സഹിക്കുകയും മൂപ്പൻമാർ, മഹാപുരോഹിതന്മമാർ ശാസ്ത്രികൾ എന്നിവർ അവനെ കൊല്ലുകയും മൂന്നാംനാൾ ഉയിർത്തെഴുന്നേൽക്കുകയും വേണം ലൂക്കോ 9: 22. യോനാ കാലാനയുടെ വയറ്റിൽ മൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും (മത്താ. 12: 40) എന്നുള്ള ദൃഷ്ടാന്തവും യഹൂദൻമാരുടെ ഓർമ്മയിൽ ഉണ്ടായിരുന്നു. യേശുവിന്റെ വധത്തിൽ സംതൃപ്തരായിരുന്ന യഹൂദപ്രമാണികൾ വീണ്ടും അസ്വസ്ഥരായി. കബറടക്കത്തിന്റെ അടുത്ത നിമിഷം തന്നെ യഹൂദ പുരോഹിതൻമാർ റോമൻ അധികാരികളെ സമീപിച്ച് അവർക്ക് നേരിടാവുന്ന വൈഷമ്യങ്ങളെ അറിയിച്ചു. പീലാത്തോസിന്റെ അനുമതിയോടുകൂടി കബർ ഏറ്റവും സുരക്ഷിതമാക്കുന്നതിന് വേണ്ട എല്ലാ ഏർപ്പാടുകളും ചെയ്തു.

'യജമാനനെ ആ ചതിയൻ ജീവനോടിരിക്കുമ്പോൾ മൂന്നുനാൾ കഴിഞ്ഞ് ഉയിർത്തെഴന്നേൽക്കും എന്നു പറഞ്ഞത് ഞങ്ങൾ ഓർക്കുന്നു. അതുകൊണ്ട് അവന്റെ ശിഷ്യൻമാർചെന്ന് അവനെ മോഷ്ടിച്ചിട്ട് അവൻ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർത്തെഴുന്നേറ്റു എന്ന് ജനങ്ങളോട് പറയുകയും ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും



വിഷമമായി തീരുകയും ചെയ്യും. അതുകൊണ്ട് കല്ലറ ഭദ്രമായി ഉറപ്പിക്കണം' (മത്തായി 27:63–65). ഒടുവിലത്തെ ചതിവ് മുമ്പിലത്തേതിലും കൂടുതലായി യഹൂദസഭയ്ക്ക് വിനാശകരമായി ഭവിക്കും. മുമ്പിലത്തെ 'ചതിവ്' യേശു ദൈവപുത്രൻ എന്നുള്ള പ്രഖ്യാപനം. ഒടുവിലത്തെ ചതിവ് പുനരുത്ഥാനം മൂലം ക്രിസ്തുവിനെപ്പറ്റി ജനങ്ങളിൽ ഉളവാകുന്ന വിശ്വാസവും തൽഫലമായി യഹൂദസഭയ്ക്ക് ഉണ്ടാകാവുന്ന നാശവും. അതുകൊണ്ട് കബറിന്റെ മുദ്രക്ക് രാജകീയമുദ്ര വച്ച് കാവൽഭടന്മാരെ ഏർപ്പെടുത്തി. കാവൽ ഭദ്രമാക്കുന്നതിന് 4 പേർ വീതം 4 തവണകളായി 16 റോമൻ ഭടന്മാരെ നിയോഗിച്ചു. കാവൽ ഭടന്മാരെ പരാജയപ്പെടുത്തി മുദ്രഭേദിച്ച് യേശുവിന്റെ ശരീരം മോഷ്ടിക്കുന്നത് ആർക്കുംതന്നെ അസംഭാവ്യമാകുന്ന സാഹചര്യങ്ങൾ സൃഷ്ടിച്ചു. എന്നാൽ തിരുവചനപ്രകാരം ക്രിസ്തു ഉയിർത്തെഴുന്നേറ്റു. പുനരുത്ഥാനത്തിൽ നടന്ന ഭൂകമ്പമാദി സംഭവങ്ങൾ കാവൽഭടന്മാരെ ഭ്രമിപ്പിച്ചു. മുദ്രയ്ക്ക് അല്പംപോലും കേടില്ലാതെ കബറ തുറന്നുകിടക്കുന്നതും ശൂന്യമായികിടക്കുന്നതും കണ്ടു.

അതിശുഷ്കാന്തിയോടുകൂടി കൃത്യനിർവഹണം ചെയ്തിരുന്ന അവരുടെ മേൽ കൃത്യവിലോപം അകാരണമായി ആരോപിച്ച് അവരെ തുറുങ്കിൽ അടയ്ക്കും. വാർത്ത യഹൂദപ്രമാണികൾ അറിഞ്ഞപ്പോൾ അവരുടെ ഇടയിൽ പരിഭ്രമവും നൈരാശ്യവും സർവത്ര വ്യാപിച്ചു. ക്രിസ്തു ഉയിർത്തു എന്നത് വിജാതിയ ഭടൻമാരിൽനിന്ന് നേരിട്ട് ബോദ്ധ്യമായിട്ടും ആ സത്യം അടിച്ചമർത്താൻ കൈക്കൂലി, വ്യാജപ്രചരണം, ശുപാർശ മുതലായ കുത്സിത മാർഗങ്ങൾ സ്വീകരിച്ചു. 'അവന്റെ ശിഷ്യൻമാർ രാത്രിയിൽ വന്ന് ഞങ്ങൾ ഉറങ്ങുമ്പോൾ അവനെ മോഷ്ടിച്ചുകൊണ്ടുപോയി എന്നു പറവിൻ. ശിക്ഷണനടപടി എടുക്കാതിരിപ്പാൻ നാടുവാഴിയെ ഞങ്ങൾ സമ്മതിപ്പിച്ചുകൊള്ളാം. ബുദ്ധിമാൻമാരായ യഹൂദപ്രമാണികൾ കരുപിടിപ്പിച്ച ഈ കെട്ടുകഥ അബദ്ധജടിലമാണെന്ന് അവർ വിസ്മരിച്ചു. ഭടൻമാർ ഉറക്കമായിരുന്നെങ്കിൽ ശിഷ്യൻമാർ മോഷ്ടിച്ചു എന്ന് എങ്ങനെ പറയുവാൻ കഴിയും.

യേശുവിന്റെ പുനരുത്ഥാനത്തോടുകൂടി ഭീരുക്കളായ ശിഷ്യൻമാർ മരണത്തെയും, കാരാഗ്രഹത്തേയും, വാഴ്ചകളേയും, അധികാരികളെയും വെല്ലുവിളിച്ച് ക്രിസ്തുവിനുവേണ്ടി രക്തസാക്ഷികളായി. ക്രിസ്തുമതത്തിന്റെ ജന്മശത്രു

# മാതൃസഭയുടെ വേരുകൾ തേടി അമേരിക്കൻ മെത്രാപ്പോലീത്താ മലങ്കരയിൽ

അമേരിക്കയിൽ ഒക്‌ലഹോമായിലെ ഹോളി പ്രൊട്ടക്ഷൻ ആശ്രമത്തിന്റെ ആബട്ട് ജോർജ് ബർക്ക് മെത്രാപ്പോലീത്തായും ആശ്രമാംഗമായ റമ്പാൻ ഫാ. അർസേനിയോസും 1987 ഫെബ്രുവരി 21-ാം തീയതി മുതൽ മാർച്ച് 2-ാം തീയതി വരെ മലങ്കരസഭ സന്ദർശിക്കുകയുണ്ടായി.

അമേരിക്കൻ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമേനിയുമൊന്നിച്ച് എത്തിയ അതിഥികൾ പരുമല സെമിനാരി സന്ദർശിക്കുകയും അവിടെ താമസിച്ച് പ. പരുമല തിരുമേനിയുടെ കബറുങ്കൽ പ്രാർത്ഥിക്കുകയും വി. കുർബാനയിൽ സംബന്ധിക്കുകയും മറ്റും ചെയ്തപ്പോൾ അവരുടെ ചിരകാലപ്രതീക്ഷിതമായ ആഗ്രഹം ഫലപ്രദമായതായി ബിഷപ്പ് ബർക്ക് പ്രസ്താവിക്കുകയുണ്ടായി. ആശ്രമത്തിന്റെ പേട്രൻ സെയിന്റായി പ. പരുമല തിരുമേനിയെയാണ് ഇവർ അംഗീകരിച്ചിരിക്കുന്നത്.

ഈ ദിവസങ്ങളിൽ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് കോട്ടയം പഴയ സെമിനാരിയിൽ കൂടിയിരുന്ന അവസരമാകയാൽ സുന്നഹദോസ് അംഗങ്ങളെയെല്ലാം നേരിൽ കാണുന്നതിനും പരിചയപ്പെടുന്നതിനും ഇവർക്കു സാധിച്ചു. ഇവർ നിരണം വലിയപള്ളി, ചെങ്ങന്നൂർ പഴയപള്ളി, കടമ്പനാട്ടു വലിയപള്ളി, പാലിയേക്കര പള്ളി, കോട്ടയം വലിയപള്ളി, ചെറിയപള്ളി, മാർ ഏലിയാ കത്തീഡ്രൽ തുടങ്ങിയ പുരാതന ദേവാലയങ്ങളും, ഓർത്തഡോക്സ് വൈദിക സെമിനാരി, കൊല്ലം അരമന, ബഥേൽ അരമന, ബസേലിയോസ് കോളേജ്, മനോരമ ഓഫീസ് മുതലായ സ്ഥാപനങ്ങളും സന്ദർശിക്കുകയുണ്ടായി.

ദേവലോകം അരമനയിൽ പ. കാതോലിക്കാ ബാവായെ സന്ദർശിച്ച അവസരത്തിൽ ഒക്‌ലഹോമായിലെ ആശ്രമത്തിൽ നിർമ്മിച്ച പ. പരുമല



തിരുമേനിയുടെ കളർചിത്രം തടിയിൽ വരച്ച ഒരു മനോഹരമായ ഐക്കൺ പ. ബാവായ്ക്കു സമ്മാനിക്കുകയുണ്ടായി. 'ദൈവം അൽഭുതം പ്രവർത്തിച്ചിരിക്കുന്നു. സഭയുടെ സഹോദരൻമാർ വീണ്ടും ഒന്നായിരിക്കുന്നു' എന്നാണ് ഇവരുടെ സന്ദർശനത്തെപ്പററി ചോദിച്ചപ്പോൾ ബിഷപ്പ് ബർക്ക് പറഞ്ഞത്.

കോട്ടയം പഴയ സെമിനാരിയിൽ വട്ടശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയുടെ ഓർമ്മപ്പെരുന്നാളിൽ സംബന്ധിച്ച ബിഷപ്പ് അന്ന് വി. കുർബാനമദ്ധ്യേ ചെയ്ത പ്രസംഗത്തിൽ അവരുടെ മലങ്കരസഭാ സന്ദർശനത്തെപ്പററി പറഞ്ഞത് പ്രത്യേകം ശ്രദ്ധാർഹമാണ്.

'മുലകുടി മാറിയ ഒരു കുഞ്ഞ് അമ്മയുടെ മടിയിൽ ഇരുന്ന് സന്തോഷവും സ്നേഹവും ആസ്വദിക്കാറുണ്ട്. മുല കുടിക്കുന്ന കുഞ്ഞാണെങ്കിൽ മടിയിൽ ഇരിക്കുന്നത് അമ്മയുടെ മുലപ്പാൽ ആസ്വദിക്കാൻ കൂടിയാണ്. മുലകുടി മാറിയ കുഞ്ഞ് അമ്മയുടെ സ്നേഹവാൽസല്യങ്ങൾമാത്രം ആസ്വദിക്കുന്നു. അതുപോലെയൊരനുഭവമാണ് ഞങ്ങൾ ഇവിടെ വന്ന് ഈ സഭയിലെ പിതാക്കൻമാരുടെ സ്നേഹാദരവുകൾ ആസ്വദിച്ചപ്പോൾ ഞങ്ങൾക്ക് ഉണ്ടായിട്ടുള്ളത്'—ഇതിൽനിന്ന് അവരുടെ മാതൃസഭയായ മലങ്കരസഭയെ കണ്ടെത്തിയപ്പോഴുള്ള അവരുടെ സന്തോഷം എത്രയധികമായിരുന്നുവെന്ന് മനസിലാക്കാം.

സഭയിലെ വിവിധ പള്ളികളും സ്ഥാപനങ്ങളും സന്ദർശിച്ചശേഷം മക്കാറിയോസ് മെത്രാപ്പോലീത്തായുമൊന്നിച്ച് അതിഥികൾ മാർച്ച് 2-ാം തീയതി മടങ്ങിപ്പോവുകയുണ്ടായി.

## അല്പം ചരിത്രം

ഈ അവസരത്തിൽ അമേരിക്കയിലെ പ്രഥമ ഓർത്തഡോക്സ് മെത്രാപ്പോലീത്താ ആയിരുന്ന റെനിവിലാത്തി ജോസഫ് മാർ തീമോത്തിയോസ് തിരുമേനിയെപ്പററിയും അദ്ദേഹത്തിന്റെ കാലം മുതൽ ഇപ്പോൾ ബിഷപ്പ് ബർക്കിന്റെ കാലംവരെയുള്ള അമേരിക്കൻ ഓർത്തഡോക്സ് സമൂഹത്തെപ്പററിയും അല്പം ചരിത്രം ഇവിടെ പറയുന്നത് അവസരോചിതമായി കരുതുന്നു.

19-ാം നൂററാണ്ടിന്റെ ഉത്തരാർദ്ധത്തിൽ ഓർത്തഡോക്സ് സഭാവിശ്വാസം സ്വീകരിച്ച ഒരു ഇടവക (ലത്തീൻകാർ) നമുക്ക് സിലോണിൽ (ഇപ്പോഴത്തെ ശ്രീലങ്ക) ഉണ്ടായിരുന്നു. അതിന്റെ മെത്രാപ്പോലീത്തായായി മംഗലാപുരം സ്വദേശി ലത്തീൻകാരനായ അൽവാരീസ് എന്ന പട്ടക്കാരനെ മാർ യൂലിയോസ് എന്നപേരിൽ വാഴിച്ച് മലങ്കരസഭ സിലോണിലേക്ക് അയച്ചു. 1892-ൽ പരുമല മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും കടവിൽ മാർ അത്താനാസിയോസ് മെത്രാപ്പോലീത്തായും നമ്മുടെ സിലോൺ ഇടവകയെ സന്ദർശിക്കാൻ അവിടെയെത്തി. അമേരിക്കക്കാരനായ റെനിവിലാത്തി എന്ന പട്ടക്കാരൻ അമേരിക്കയിലുള്ള ഓർത്തഡോക്സു വിശ്വാസികൾക്ക് ഒരു മെത്രാനെ വാഴിച്ചുകിട്ടുന്നതിനു ഒരു നിവേദനം മാർ അൽവാരീസു മെത്രാപ്പോലീത്താവഴി മലങ്കരസഭയ്ക്കു സമർപ്പിച്ചിരുന്നു. ഈ നിവേദനം അനുഭാവപൂർവം സഭ സ്വീകരിക്കുകയും അതനുസരിച്ച് അന്ന് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസു തിരുമേനിയുടെ നിർദ്ദേശപ്രകാരം മാർ ഗ്രീഗോറിയോസും, മാർ അത്താനാസ്യോസും മാർ യൂലിയോസും ചേർന്നു ഫാ. റെനിവിലാത്തിയെ 1892-ൽ മാർ തീമോത്തിയോസ് റെനിവിലാത്തി എന്ന നാമത്തിൽ അമേരിക്കയുടെ മെത്രാനായി വാഴിച്ച് അയച്ചു. അദ്ദേഹത്തിന്റെ നാലാമത്തെ പിൻഗാമിയാണ് മലങ്കരയിലെ തങ്ങളുടെ മാതൃസഭയും അതോടൊപ്പം തങ്ങളുടെ ഗുരുവായ പരുമല തിരുമേനിയുടെ കബറിടവും സന്ദർശിക്കാനായി അമേരിക്കയിൽ നിന്നെത്തിയിരുന്ന ആബട്ട് ജോർജ് ബർക്ക് മെത്രാപ്പോലീത്താ. മാതൃസഭാ സന്ദർശനാർത്ഥം ഇവിടെ എത്തിയിരുന്ന ഇവരുടെ ആസ്ഥാനം അമേരിക്കയിലെ ഒക്‌ലഹോമാ നഗരത്തിലുള്ള ദിവ്യസംരക്ഷണാശ്രമം (Holy Protection Monastry) ആണെന്ന് മുകളിൽ കാണിച്ചിട്ടുണ്ടല്ലൊ.

ഈ ആശ്രമത്തിന്റെ ഉൽഭവവും വളർച്ചയും മുൻകാലനിലയും സംഗ്രഹമായി ചുവടെ ചേർക്കുന്നു.

സ്ഥാനമേററശേഷം മാർ തീമോത്തിയോസ് റെനിവിലാത്തി അമേരിക്കൻ ഐക്യനാടുകളിൽ തിരിച്ചെത്തി വിസ്കോൺസിനിൽ ഫോണ്ടുഡ്യൂലാക്ക് (Fond due Lac) എന്ന സ്ഥലത്ത് താമസിച്ചു. അക്കാലത്ത് ഇംഗ്ളണ്ടിൽ റോമൻ കത്തോലിക്കാസഭയുടെ പ്രശസ്ത കർദ്ദിനാളായിരുന്ന ഹെൻറി ന്യൂമാന്റെ (Cardinal Newman) അനന്തിരവൻ ഹെൻറി ഫ്രാൻസിഡിനെയും കുറെ അനുഗാമികളെയും ഇദ്ദേഹം ഓർത്തഡോക്സ് സഭയിലേക്ക് സ്വീകരിക്കുകയും ചിക്കാഗോ നഗരത്തിനടുത്ത് വോക്കേഗൻ എന്ന സ്ഥലത്ത് സെന്റ് ഡൺസ്ററൺ എന്നൊരാശ്രമം സ്ഥാപിക്കു

---

വായ ശൗലിനെ പൗലൂസായി പരിവർത്തനം ചെയ്യുവാൻ പര്യാപ്തമായ യേശുവിന്റെ പ്രത്യക്ഷത കേവലം മിഥ്യ ആയിരുന്നില്ല. ക്രിസ്തുവിന്റെ പുനരുത്ഥാനം ലോകചരിത്രത്തിൽ അതുല്യമാണ്.

ക്രിസ്തുവിന്റെ തിരുശരീരം കബറിൽ സ്ഥിതിചെയ്തപ്പോൾ ആൽമാവിൽ അവൻ ചെന്ന് പണ്ട് നോഹയുടെ കാലത്ത് പെട്ടകം ഒരുക്കുന്ന സമയം അനുസരിക്കാത്തവരായി തടവിലുള്ള ആൽമാക്കളോട് പ്രസംഗിച്ചു (1 പത്രോ. 3: 18, 19).

പുനരുത്ഥാനം ചെയ്ത ക്രിസ്തുവിനോടുള്ള സഹവാസമാണ് നമ്മുടെ വിശുദ്ധീകരണത്തിനും ജീവന്റെ പുതുക്കത്തിനും ഉപാധി ആയിത്തീരുന്നത്. വി. മാമോദീസായിൽ അവന്റെ മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിച്ചവർ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോട് ഏകീഭവിക്കും (റോമർ 6: 56). ഉയിർത്തെഴുന്നേററ ക്രിസ്തുവിന്റെ ജീവൻ സകല സത്യവിശ്വാസികളിലും വ്യാപരിക്കും (1 കൊരിന്ത്യർ 10: 16). ക്രിസ്തുവിന്റെ പുനരുത്ഥാനം ക്രിസ്ത്യാനിയുടെ പ്രത്യാശയുടെ അച്ചാരമാണ്. ഈ ആൽമീയ അനുഭവം നമ്മിൽ ഉണ്ടോ എന്ന് സ്വയം പരിശോധിക്കേണ്ടതാണ്. കൊലോ. 3: 1–17 ൽ ആൽമീയ പുനരുത്ഥാനത്തിന്റെ അനുഭവത്തെക്കുറിച്ച് പറഞ്ഞിരിക്കുന്നത് നാം സദാ സ്മരിക്കേണ്ടതാണ്.

അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്ന് കണ്ണിമയ്ക്കുന്നതിനിടയിൽ നാമെല്ലാവരും രൂപാന്തിരപ്പെടും. കാഹളം ധ്വനിക്കും. മരിച്ചവർ അക്ഷയരായി ഉയിർത്ത് രൂപാന്തിരപ്പെടും. 1 കൊറി. 15: 52, 1 തെസ. 4: 14–18. യേശുവിന്റെ പുനരുത്ഥാനത്തിൽ സംഭവിച്ചതുപോലെ ഓരോ ക്രിസ്ത്യാനിക്കും സംഭവിക്കും. ഈയൽ ഒന്നിച്ച് പറന്നുയരുന്നതുപോലെ ദ്രവത്വമായ നമ്മുടെ ശരീരം അദ്രവത്വത്തെ പ്രാപിച്ച് രൂപാന്തരപ്പെടും. താൽക്കാലികമായി ഇഹലോകവാസം വെടിഞ്ഞ് കാലയവനികക്കുള്ളിൽ പ്രവേശിച്ച നമ്മുടെ പ്രിയപ്പെട്ടവരെ സ്വർഗസിംഹാസനത്തിന്റെ പാർശ്വത്തിൽ നമുക്ക് വീണ്ടും കാണാം.

—o—

കയും ചെയ്തു. 1913 ഏപ്രിൽ 21-ന് തന്റെ പിൻഗാമിയായി ഹെൻറി ഫ്രാൻസിസിനെ ഈ ആശ്രമത്തിൽവെച്ച് തീമോത്തിയോസ് റെനിവിലാത്തി വാഴിച്ചു. അതിനുശേഷം അധികം താമസിയാതെ അദ്ദേഹം ഫ്രാൻസിലേക്കു പോകുകയും അവിടെയുള്ള ഒരു സന്യാസാശ്രമത്തിൽവച്ച് കാലംചെയ്യുകയും അവിടെത്തന്നെ കബറടക്കപ്പെടുകയുമുണ്ടായി.

കുറെ നാളുകൾക്കുശേഷം ഡൺസ്റ്റൺ ആശ്രമം തൽക്കാലത്തേക്ക് കണക്റ്റികട്ട് എന്ന സ്ഥലത്തേക്കു മാറ്റപ്പെടുകയും പിന്നീട് ന്യൂയോർക്കിനടുത്തുള്ള വുഡ്സ്റ്റോക്കിലേക്ക് സ്ഥിരമായി മാറ്റുകയും ചെയ്തു. അവിടെ അത് വിപുലമായ ഒരാശ്രമവും പള്ളിയും നാനൂറിലധികം അന്തേവാസികളും ഉള്ള ഒരു സ്ഥാപനമായി വളർന്നിരുന്നു. 1948-ൽ നിർഭാഗ്യവശാൽ ആശ്രമം അഗ്നിക്കിരയാകുകയും നിരവധി റിക്കാർഡുകളും മറ്റും നഷ്ടപ്പെടുകയുമുണ്ടായി. പിന്നീട് ആശ്രമം വുഡ്സ്റ്റോക്ക് എന്ന സ്ഥലത്തുള്ള ഒരു കുന്നിൻപ്രദേശത്തേക്ക് മാറ്റി സ്ഥാപിക്കപ്പെട്ടു. അതിനുശേഷം മലങ്കരയിലുള്ള മാതൃസഭയുമായി ബന്ധം പുലർത്താത്തതുകൊണ്ടായിരുന്നേക്കാം 1962-ൽ മോസ്ക്കോയിലെ റഷ്യൻ ഓർത്തഡോക്സ് സഭയുമായി ദീർഘമായ ചർച്ചയ്ക്കുശേഷം ബന്ധപ്പെടുകയും മെത്രാപ്പോലീത്തായെ റഷ്യൻ സഭയുടെ അമേരിക്കയിലുള്ള പാശ്ചാത്യ വിഭാഗത്തിന്റെ തലവനായി (ആർച്ച് ബിഷപ്പ്) അവർ അംഗീകരിക്കുകയും ചെയ്തു. പക്ഷെ ഈ ബന്ധം അധികനാൾ നീണ്ടുനിന്നില്ല. സോവിയറ്റു ഗവൺമെന്റിന്റെ അനധികൃതമായ ഇടപെടൽ നിമിത്തം ആർച്ചു ബിഷപ്പ് ആ ബന്ധം ഉപേക്ഷിച്ചു. തുടർന്ന് ആശ്രമം ഓക്ലഹോമായിലേക്ക് കൂടുതൽ സൗകര്യാർത്ഥം മാറ്റപ്പെട്ടു. അന്നുമുതൽ ആശ്രമം ഇവിടെ തുടർന്നുവരുന്നു.

ആർച്ചു ബിഷപ്പ് പ്രായാധിക്യം നിമിത്തം തന്റെ പിൻഗാമിയായി ജോസഫ് അന്തോനി കോർമാക്കിനെ 1967-ൽ വാഴിച്ചു. 10 വർഷങ്ങൾക്കുശേഷം 1977-ൽ ആർച്ചു ബിഷപ്പു കോർമാക് ഓക്ലഹോമാ സിറ്റിയിലെ ഹോളി പ്രൊട്ടക്ഷൻ മൊണാസ്ട്രിയിലെ ആബട്ട് ജോർജ് ബർക്കിനെ (ഇപ്പോഴത്തെ മെത്രാപ്പോലീത്തായെ) തന്റെ പിൻഗാമിയായി വാഴിക്കുകയും അധികം താമസിയാതെ സ്ഥാനം ഒഴിഞ്ഞുകൊടുക്കുകയും ചെയ്തു. 1979-ൽ അദ്ദേഹം ദേഹവിയോഗം ചെയ്തു.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണക്ക്



റി. എസ് വർഗീസ്. അച്ചാമ്മ ജോസഫ്. ലിസ്, കോഴിക്കോട്.



ശോശാമ്മ ജോൺ, കോട്ടുകുളഞ്ഞി.

അതിനുശേഷം കുറെ നാളത്തേക്ക് മറ്റു സഭകളുമായി പറയത്തക്ക സംസർഗമില്ലാതെ ഏകാന്തതയിൽ ആയിരിക്കുമ്പോൾ ഗ്രീക്ക്, റഷ്യ, യുക്രേനിയൻ തുടങ്ങിയ ബൈസന്റയിൻ ഓർത്തഡോക്സ് സഭകൾ അവരെ ക്ഷണിക്കുകയുണ്ടായി. പക്ഷെ അവരുമായി സ്നേഹസംസർഗമല്ലാതെ മറ്റൊരു കടപ്പാടുകൾക്കും വിധേയമാകാൻ ആർച്ചു ബിഷപ്പു വിസമ്മതിച്ചു. ഇവർ കോപ്റ്റിക് സഭയുമായും നല്ല സ്നേഹബന്ധം പുലർത്തുന്നുണ്ട്.

## പ്രഥമ കേരള സന്ദർശനം

ഓക്ലഹോമായിലുള്ള ബാബു പെരുങ്ങോം എന്ന മലയാളിയുമായി ആശ്രമസ്ഥർ ഈ അവസരത്തിൽ പരിചയപ്പെടുകയും ബാബുവിന്റെ പരിശ്രമഫലമായി 1983 മേയ് മാസത്തിൽ പാത്രിയർക്കീസ് കക്ഷിയിലെ കുറിയാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ ക്ഷണപ്രകാരം അദ്ദേഹത്തിന്റെ അതിഥികളായി ജോർജ് ബർക്ക് മെത്രാപ്പോലീത്തായും ഫാ. മത്യാസും കേരളം സന്ദർശിക്കുകയും ചെയ്തിരുന്നു. പ്രധാനമായും അവരുടെ ലക്ഷ്യം പ. പരുമല തിരുമേനിയുടെ കബറിടം സന്ദർശിക്കുകയും മലങ്കര സഭയുമായി ബന്ധപ്പെടുകയും ചെയ്യുക എന്നുള്ളതായിരുന്നു. എന്നാൽ കബറിടം സന്ദർശിക്കുന്നതിനും മറ്റും കൂറിലോസ് മെത്രാപ്പോലീത്താ വേണ്ടത്ര സൗകര്യങ്ങളും ഒത്താശകളും ചെയ്തുകൊടുത്തില്ല, പകരം പാത്രിയർക്കീസ് പക്ഷത്തെ ചില പള്ളികളെയും മെത്രാൻമാരെയുംമാത്രം കാണിക്കുകയാണുണ്ടായത്. പരുമല കബർ സന്ദർശിക്കുവാനുള്ള അവരുടെ ആകാംക്ഷ അധികമായി വന്നപ്പോൾ മനസില്ലാമനസോടെ ഒരു അൽമേനിയെ കൂട്ടി അവരെ പരുമലക്ക് അയക്കുകയാണ് ചെയ്തത്. അവർക്ക് അവിടെ ഒന്നു താമസിക്കുവാനൊ, സമയമെടുത്തു കബറുങ്കൽ പ്രാർത്ഥിക്കുവാനൊ സാധിക്കാത്തവണ്ണം ആതിഥേയ പക്ഷം ധൃതികൂട്ടി തിരിച്ചു കൊണ്ടുപോയതിനാൽ അന്ന് അവർ നിരാശരായി മടങ്ങുകയായിരുന്നുവെന്ന് ബർക്ക് മെത്രാപ്പോലീത്താ പറഞ്ഞു.



Quote: 'While in Kerala a distorted account about the Malabar Church was given to us which we questioned. All requests to visit the Orthodox Church were denied. Only after great insistance on our part, they (Patriarch Party) grudgingly permitted us to visit the tomb of Saint Gregorios, and then we were quickly taken away lest we meet the Bishop residing there, whose arrival was imminent'.

തങ്ങളുടെ ആഗ്രഹം നിവർത്തിക്കാതെ അമേരിക്കയിൽ തിരിച്ചെത്തിയയുടനെ തങ്ങൾക്കുണ്ടായ അനുഭവത്തെപ്പറ്റി ആശ്രമാംഗങ്ങളോടു പറയുകയും മാർ കൂറിലോസും അദ്ദേഹത്തിന്റെ കക്ഷികളുമായുള്ള എല്ലാ സമ്പർക്കങ്ങളും അവസാനിപ്പിക്കുന്നതിന് ആശ്രമാംഗങ്ങൾ ഒന്നടങ്കം തീരുമാനിക്കുകയുമുണ്ടായി.

മലങ്കര ഓർത്തഡോക്സ് സഭയിലെ കാതോലിക്കാബാവായേയും മററു മേല്പട്ടക്കാരെയും കാണുന്നതിനോ ഇവിടുത്തെ പുരാതന പള്ളികൾ സന്ദർശിക്കുന്നതിനൊ ഉള്ള സൗകര്യം ആതിഥേയർ നൽകാത്തതിനാലും കക്ഷിവഴക്കുകളെക്കുറിച്ച് ഏകപക്ഷീയമായ ഒരു രൂപംമാത്രം നൽകിയതിനാലും അന്ന് അവർ നിരാശരായി മടങ്ങേണ്ടി വന്നു എന്നും മെത്രാപ്പോലീത്താ വ്യക്തമാക്കി.

ഈ അവസരത്തിലാണ് നമുക്ക് ഓക്ലഹോമായിൽ ഒരു ഇടവക ഉണ്ടാവുകയും അവിടത്തെ വികാരിയായി ഫാ. ചെറിയാൻ കുന്നേൽ നിയമിതനാവുകയും ചെയ്തത്. അദ്ദേഹം ഈ ആശ്രമവുമായി ബന്ധപ്പെട്ടതിന്റെ ഫലമായാണ് മലങ്കര സഭയുമായുള്ള അവരുടെ യഥാർത്ഥ ബന്ധം പുന:സ്ഥാപിതമാകുന്നതിനു വഴി തുറക്കപ്പെട്ടത്. 1984-ൽ അമേരിക്കൻ മെത്രാസനാധിപൻ തോമസ് മാർ മക്കാറിയോസ് തിരുമേനി ഇടവക സന്ദർശനാർത്ഥം ഓക്ലഹോമാ പള്ളിയിൽ എത്തിയപ്പോൾ മെത്രാപ്പോലീത്തായുമായി പരസ്പരം ബന്ധപ്പെടുന്നതിനും ബന്ധം സുദൃഢമാക്കുന്നതിനും ആശ്രമാധികാരികൾക്കു സാധിച്ചു. അവരുടെ താല്പര്യപ്രകാരം തിരുമേനി അവരുടെ ആശ്രമപള്ളിയിൽ വി. കുർബാന അർപ്പിക്കുകയും നമ്മുടെ പള്ളിയിൽ ബിഷപ്പും മററും വന്ന് പെരുനാളിൽ സംബന്ധിക്കുകയും ചെയ്തു. അവരുടെ മാതൃസഭയും പ. പരുമല തിരുമേനിയുടെ കബറിടവും സന്ദർശിക്കുന്നതിന് ഒരു അവസരം അവർക്ക് ഉണ്ടാക്കിക്കൊടുക്കണമെന്ന് മക്കാറിയോസ് തിരുമേനിയോട് ആവശ്യപ്പെട്ടിരുന്നു. അതനുസരിച്ചാണ് ഫെബ്രുവരി മാസത്തിൽ മക്കാറിയോസ് മെത്രാപ്പോലീത്തായുമൊത്ത് ബിഷപ്പ് ബർക്കും റമ്പാൻ അർസേനിയോസും മലങ്കരസഭ സന്ദർശിച്ചത്.

—എബ്രഹാം സഖറിയ, ചെമ്പകമറ്റം

# I. O. M. F. KUWAIT

## Indian Orthodox Mercy Fellowship Kuwait

## ഇൻഡ്യൻ ഓർത്തഡോക്സ് മേഴ്സി ഫെലോഷിപ്പ് കുവെയിററ്

## ധനസഹായ പദ്ധതി

IOMF Kuwait–ന്റെ 15 വർഷത്തെ സേവനം പൂർത്തിയാക്കുന്നതിന്റെ സ്മാരകമായി താഴെ പറയുന്ന ധനസഹായങ്ങൾ നല്കുന്നതിലേക്കായി അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു.

1. പതിനഞ്ച് (15) ഭവനരഹിതർക്ക് വീട്. നിർമ്മാണച്ചെലവ് ഒരു വീടിന് പതിനയ്യായിരം രൂപയിൽ കവിയരുത്. (Rs. 15000/–)
2. പതിനഞ്ച് (15) തയ്യിൽ മെഷീൻ അല്ലെങ്കിൽ പെട്ടിക്കട അല്ലെങ്കിൽ തത്തുല്യമായ സഹായം അർഹിക്കുന്ന മററ് സ്വയം തൊഴിൽ കണ്ടെത്തൽ പദ്ധതിക്ക്. രണ്ടായിരം രൂപാ വീതം. (Rs. 2000/–)
3. രോഗചികിൽസ, വിദ്യാഭ്യാസം എന്നിവയ്ക്ക് അർഹതയും അപേക്ഷകരുടെ എണ്ണവും അനുസരിച്ച്.

സഹായം അർഹിക്കുന്നവരെ തെരഞ്ഞെടുക്കുന്നതിനായി മുകളിൽ ഉള്ള 1, 2 കാര്യങ്ങൾക്കുള്ള അപേക്ഷകൾ അതതു ഓർത്തഡോക്സ് പള്ളി ഇടവക മാനേജിംഗ് കമ്മററിയുടെയും, വികാരിയുടേയും ശുപാർശകൾ സഹിതം Secretary, I O M F C/o Manager, Malankara Sabha, Kottayam–38 എന്ന വിലാസത്തിൽ 1987 ജൂൺ മാസം 30–ാം തീയതിയ്ക്കകം ലഭിക്കത്തക്കവണ്ണം അയച്ചിരിക്കേണ്ടതാണ്. ഒരു ഇടവകയിൽ നിന്ന് ഓരോ ഇനത്തിലും ഒന്നിൽ കൂടുതൽ അപേക്ഷകൾ പരിഗണിക്കുന്നതല്ല.

അപേക്ഷയിൽ താഴെ പറയുന്ന വിവരങ്ങൾ ക്രമമായും, വിശദമായും രേഖപ്പെടുത്തിയിരിക്കണം.

1. അപേക്ഷകന്റെ പൂർണ്ണമായ പേരും മേൽവിലാസവും. പിൻകോടുസഹിതം.
2. അപേക്ഷകന്റെ വയസ്സും ജോലിയും 3. ഇടവകയും ഭദ്രാസനവും.
4. കുടുംബസ്ഥനെങ്കിൽ മക്കളുടെ വിശദവിവരങ്ങൾ.
5. ആദായകരമായ തൊഴിൽ അല്ലെങ്കിൽ ഉദ്യോഗത്തിൽ ഏർപ്പെട്ടിരിക്കുന്ന കുടംബാംഗങ്ങളുടെ എണ്ണം.
6. കുടുംബത്തിലെ ആകെ അംഗസംഖ്യ (ആശ്രിതർ)
7. കുടുംബത്തിലെ മൊത്തം വാർഷിക വരുമാനം.
8. ഏത് ആവശ്യത്തിന് സഹായം അഭ്യർത്ഥിക്കുന്നു എന്നതിന്റെ വിശദവിവരം.
9. വീടു വെയ്ക്കുവാനുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണവും, ഉടമസ്ഥാവകാശത്തിന്റെ സ്വഭാവവും.
10. വിദ്യാഭ്യാസത്തിനാണെങ്കിൽ പഠിക്കുന്ന വിദ്യാലയത്തിൽ നിന്നുള്ള Course Certificate–ഉം, അവസാനം വിജയിച്ച പരീക്ഷയ്ക്ക് ലഭിച്ച മാർക്കിന്റെ attested copy–യും, സ്വഭാവ സർട്ടിഫിക്കേററും, വികാരിയുടെ ശുപാർശയും. (സണ്ടേസ്ക്കൂൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും മുൻഗണന.)
11. സഹായം അഭ്യർത്ഥിക്കുന്ന അതേ ആവശ്യത്തിന് മററു ട്രസ്ററുകൾ, സംഘടനകൾ, വ്യക്തികൾ എന്നിവരിൽ നിന്ന് എന്തെങ്കിലും സഹായം ലഭിച്ചിട്ടുണ്ടെങ്കിൽ അതിന്റെ വിശദവിവരം.

സഹായധനം ചെലവഴിക്കുന്നത് നൽകിയ ആവശ്യത്തിനുതന്നെ എന്ന് ഉറപ്പുവരുത്തുന്നതിലേക്കായി ഭവനനിർമ്മാണത്തിന്റെയും മററും പൂർണ്ണ ഉത്തരവാദിത്തം അതതു പള്ളി ഇടവക മാനേജിംഗ് കമ്മററിയും, വികാരിയും ഏറെറടുക്കണമെന്ന് താല്പര്യപ്പെടുന്നു.

Secretary, I O M F, Kuwait.



# മദ്യവും മയക്കുമരുന്നുകളുടെ കടന്നാക്രമണവും

ഒരു കാലത്ത് മനുഷ്യന്റെ പേടിസ്വപ്നമായിരുന്നത് മാരകങ്ങളായിരുന്ന രോഗങ്ങളായിരുന്നു. അടുത്ത കാലത്തുവരെ കാൻസർ രോഗവും മാരകമായിരുന്നെങ്കിൽ ഇന്ന് അതും മനുഷ്യനെക്കൊണ്ട് ഒരുവിധം നിയന്ത്രിക്കത്തക്ക നിലയിൽ എത്തിയിട്ടുണ്ട്. എന്നാൽ ഇന്ന് സമൂഹത്തെ കാർന്നുതിന്നുകൊണ്ടിരിക്കുന്നതും അനിയന്ത്രിതമായി കുതിച്ചുകൊണ്ടിരിക്കുന്നതുമായ ഒന്നാണ് ലഹരികളുടെയും മയക്കുമരുന്നുകളുടെയും കടന്നാക്രമണം. ഇത് ലോകരാഷ്ട്രങ്ങളെ അഭിമുഖീകരിക്കുന്ന അണുവായുധങ്ങളിലും ഭീകരമാണെന്ന് പറയപ്പെടിയിരിക്കുന്നു.

മനുഷ്യസമൂഹത്തിന്റെയും രാഷ്ട്രങ്ങളുടെയും വിലപ്പെട്ട സമ്പത്തുകളായ യുവതലമുറ മയക്കുമരുന്നുകൾക്കും ലഹരിസാധനങ്ങൾക്കും അടിമപ്പെട്ട് അകാലത്തിൽ കാലയവനികയ്ക്കുള്ളിൽ ദിവസേന മറയുന്നത് നമുക്ക് നിസാരമായി തള്ളാവുന്ന ഒരു വസ്തുതയല്ല. ഈ സ്ഥിതിവിശേഷത്തിനെതിരെ രാഷ്ട്രങ്ങളും സമൂഹങ്ങളും സടകുടഞ്ഞെഴുന്നേൽക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അല്ലെങ്കിൽ അവരുടെ ഭാവി എന്തായിത്തീരുമെന്ന് ഊഹിക്കുവാൻ സാധിക്കുന്നില്ല.

യുവതലമുറയുടെ അകാലത്തിലുള്ള തിരോധാനം സമൂഹത്തെ ആകമാനം പിടിച്ച് ഉലയ്ക്കുകയാണ്. നിർദ്ദോഷികളായ പിഞ്ചുകുഞ്ഞുങ്ങൾ അനാഥരാകുന്നു. ചെറുപ്പത്തിലെ സ്ത്രീകൾ വിധവകളായി മനംനൊന്ത്, ഏകരായിത്തീരുന്നു. ഗൃഹങ്ങളിൽ അസ്വസ്ഥത, കൊലപാതകങ്ങൾ എന്നുവേണ്ട നീറുന്ന അനേകം പ്രശ്നങ്ങളാണ് ഉണ്ടാകുന്നത്. ഇവയ്ക്ക് ഒരു പരിഹാരം കാണേണ്ടതിന് ക്രിസ്തീയ സഭയ്ക്ക് ഒരു ചുമതലയില്ലേ. തീർച്ചയായും ചുമതലയുണ്ട്. എന്നാൽ സഭാനേതൃത്വത്തിൽനിന്നും എന്തു തീരുമാനം എടുത്താലും കീഴ്ഘടകങ്ങളായ ഇടവകകളും ജനങ്ങളും അതിൽ ബോധവാന്മാരും ഉത്സുകരും ആയിരുന്നാൽ അവ വിജയിക്കുമെന്നുള്ളത് ഒരു സത്യം മാത്രമാണ്.

നമ്മുടെ സഭാംഗങ്ങളിൽ മയക്കുമരുന്നുകളുടെയും, ലഹരിയുടെയും വർദ്ധിച്ചുവരുന്ന ആസക്തിയെ തടയുന്നതിലേക്ക് ആവശ്യമായ ഉപദേശങ്ങളും, വിവരങ്ങളും നൽകുന്നതിനും, സഭയിൽ ഒരു ആദ്ധ്യാത്മിക ഉന്നമനം ലക്ഷ്യമാക്കി പ്രവർത്തിക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ചിന്തിക്കുകയും ആ വിവരങ്ങൾ സഭാംഗങ്ങളെ യഥാവസരം പ. കാതോലിക്കാബാവാ തിരുമനസ്സിലെ 1984–ലെ 239–ാം നമ്പർ കല്പനമുഖേന അറിയിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. അതിനു പുറമെ വിവിധ ഭദ്രാസനങ്ങളിൽ നടന്നിട്ടുള്ള ഭദ്രാസന പള്ളി പ്രതിപുരുഷന്മാരുടെ യോഗങ്ങളിലും ഈ വിവരങ്ങൾ നൽകിയിട്ടുണ്ട്. നമ്മുടെ വിദ്യാഭ്യാസസ്ഥാപനങ്ങളിൽ ഈ വിഷയരത്ത സംബന്ധിച്ചുള്ള വിശദമായ വിവരങ്ങൾ സ്കൂളുകളും കോളജുകളും സന്ദർശിച്ച് മാർ ഗ്രീഗോറിയോസ് വിദ്യാർത്ഥിപ്രസ്ഥാനത്തിൽകൂടി 1984–ൽ നൽകിക്കഴിഞ്ഞു. ഇപ്പോഴും ആ പരിപാടി തുടരുന്നു. എങ്കിലും നമ്മുടെ ജനങ്ങൾ ഈ മാരകമായ സാധനങ്ങളോട് വെറുപ്പ് കാണിക്കുകയൊ അവയെ നമ്മിൽനിന്ന് അകത്തിനിർത്തുകയൊ ചെയ്യുന്നതിന് ശ്രമിച്ചുകാണുന്നില്ലായെന്നുള്ളത് വിസ്മയകരമായ ഒരു വസ്തുതയാണ്.

അക്രൈസ്തവ സഹോദരനായ കേരളത്തിലെ സമാദരണീയനായ പ്രൊഫ. എം. പി. മന്മഥനെപോലുള്ള മഹൽ വ്യക്തികൾക്കും മരുന്നിനും, മദ്യത്തിനുമെതിരെ പിക്കററിംഗിനും, ധർണക്കും തയ്യാറായി മുന്നോട്ട് വന്നിട്ടും നമ്മുടെ സഹോദരങ്ങളുടെ മനസ് ഉണരുന്നില്ലായെന്നു മാത്രമല്ല ഈ ദുഷിച്ച ശീലം വളർത്തുന്നതിന് പ്രേരകമായ വിധത്തിൽ പ്രവർത്തിക്കുന്നുവെന്നുള്ളതാണ് വിസ്മനീയം.

വിവാഹസദ്യകളിലും മററുംമദ്യംവിതരണം ചെയ്യുന്ന പാശ്ചാത്യരീതി നമ്മുടെ നാട്ടിലും ഇപ്പോൾ സർവസാധാരണമായിത്തീർന്നിട്ടുണ്ട്. നമ്മുടെ പാരമ്പര്യത്തിന് ഇത് തികച്ചും ചേരുന്നതല്ല. സമൂഹത്തെ ദ്രോഹിക്കുന്ന ഏർപ്പാടാണ്. ഈ രീതിയെ നാം പ്രോത്സാഹിപ്പിക്കരുത്. അങ്ങിനെയുള്ള ചടങ്ങുകളിൽ നാം പങ്കുകൊള്ളരുത്. മയക്കു മരുന്നുകളുടെയും മദ്യത്തിന്റെയും ഉപയോഗം മൂലം ഉണ്ടാകുന്ന മൂന്നു ദൂഷ്യങ്ങളെ ഇവിടെ പ്രതിപാദിച്ചുകൊള്ളട്ടെ.

1. മയക്കുമരുന്നുകളുടെയും മദ്യത്തിന്റെയും ലഹരി തലച്ചോറിന്റെ പ്രവർത്തനത്തെ താറുമാറ

ക്കുന്നു. തൻമൂലം മാനസികരോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നു. ബുദ്ധിമാന്ദ്യം സംഭവിക്കുന്നു. ചെറുപ്പക്കാരുടെ ഭാവി ഇരുളടഞ്ഞതാക്കിതീർക്കുന്നു.

2. റോഡപകടങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നു. മദ്യപിച്ച് ലക്കുകെട്ട് വണ്ടി ഓടിക്കുന്നത് റോഡപകടങ്ങൾക്ക് വഴിതെളിക്കുന്നു. ഇരുകാലികളിൽ ഓടിക്കുന്ന സമ്പന്നരായ അനേകർ അപകടത്തിൽപ്പെട്ട് മരിച്ച് ബന്ധപ്പെട്ടവരെ അനാഥരാക്കിമാററുന്നു.

3 കുററകൃത്യങ്ങൾ വർദ്ധിക്കുന്നു. കൊലയും കൊള്ളിവയ്പുകളുടെയും പിന്നിൽ കിടക്കുന്ന രഹസ്യം മദ്യപാനത്തിന്റെയും മയക്കുമരുന്നുകളുടെയും ഉപയോഗമാണ്. മുകളിൽ പറഞ്ഞ വസ്തുതകൾ ഏതാനും മാത്രമാണ്. ഇങ്ങനെ മററനേകം കാര്യങ്ങൾ സാമൂഹത്തിൽ ദിനംപ്രതി വർദ്ധിച്ചു വന്ന് നമ്മുടെ സഭയുടെയും, സമൂഹത്തിന്റെയും രാജ്യത്തിന്റെയും ശോഭനമായ ഭാവി ഇരുളടഞ്ഞതാക്കിതീർക്കുന്നു. ഇതിനെതിരെ ഉണർന്ന് പ്രവർത്തിക്കേണ്ടത് ഓരോ സഭാ സ്നേഹിയുടെയും രാജ്യസ്നേഹിയുടെയും കടമയാണെന്ന് ഓർമിച്ചു കൊള്ളട്ടെ

നമ്മുടെ യുവതലമുറയെ നേരായ മാർഗത്തിൽ നയിക്കേണ്ടത് പ്രായമായവരുടെ കടമയാണ് പ്രായമായവർ ആ ഉത്തരവാദിത്വം വിസ്മരിച്ചുകളഞ്ഞാൽ അതിന്റെ ഭവിഷത്തുകൾ നാം തന്നെ കാണേണ്ടിവരും. അതുകൊണ്ട് വ്യക്തികളായും സമൂഹമായും സഭയായും യുവതലമുറയെ മദ്യപാനത്തിൽ നിന്നു മയക്കുമരുന്നുകളുടെ ഉപയോഗത്തിൽ നിന്നു പിന്തിരിപ്പിക്കേണ്ടതിനും സമൂഹത്തിലെ ഓരോ അംഗവും ഉണർന്ന് പ്രവർത്തിക്കണമെന്ന് അപേക്ഷിക്കുന്നു

സി. യു. മാത്യു
ഓർത്തഡോക്സ് സഭാ മദ്യവർജ്ജന
ധാർമ്മികോന്നമന സമതി

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



Ajith. Cherian. Maria. Smitha, Simi. Kuriakose.



M. G. Cherian. Kunjamma Joshua ഒരു വിശ്വാസി, അഹമ്മദാബാദ്. Mariamma



# കാൽ കഴുകൽ ശുശ്രൂഷയുടെ അർത്ഥം

റവ. (ഡോ.) ബി. വറുഗീസ്

പെസഹാവ്യാഴാഴ്ച മെത്രാപ്പോലീത്തൻമാരുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെടുന്ന ഭക്തിനിർഭരമായ ഒരു ശുശ്രൂഷയാണല്ലോ കാൽ കഴുകൽ. അതിന്റെ അർത്ഥത്തെപ്പററിയും, സഭയുടെ പാരമ്പര്യത്തിൽ അതിനുള്ള സ്ഥാനത്തെപ്പററിയും വിശദീകരിക്കുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശം.

## 1. വി. വേദപുസ്തകത്തിൽ

കർത്താവ് ശിഷ്യൻമാരുടെ കാൽ കഴുകിയ മാതൃകയനുസരിച്ചാണ് സഭയിൽ കാൽകഴുകൽ ശുശ്രൂഷ നടന്നത്. കർത്താവ് ശിഷ്യൻമാരുടെ കാൽ കഴുകിയ സംഭവം യോഹന്നാന്റെ സുവിശേഷം 13-ാം അദ്ധ്യായത്തിൽ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളു. മർക്കോസിന്റെ മാളികയിൽവെച്ച് കർത്താവ് അന്ത്യ അത്താഴം കഴിച്ചപ്പോൾ ശിഷ്യൻമാരുടെ കാൽ കഴുകി എന്നാണ് പാരമ്പര്യം. എന്നാൽ മർക്കോസിന്റെ മാളികയിൽവെച്ചാണ് അന്ത്യ അത്താഴം കഴിച്ചതെന്ന് സുവിശേഷങ്ങളിൽ വ്യക്തമായി പറയുന്നില്ല (മത്താ. 26: 17–19; മർക്കോ. 14: 15: ലൂക്കോ. 22: 12 കാണുക). അത്താഴത്തിനിടയിൽ യേശു എഴുന്നേററ് പുറങ്കുപ്പായം ഊരിവെച്ച് ഒരു തുവർത്ത് എടുത്ത് അരയിൽ ചുററി, ഒരു പാത്രത്തിൽ വെള്ളം പകർന്നു ശിഷ്യൻമാരുടെ കാൽ കഴുകി തുടച്ചു (യോഹ. 18; 4–5).

അല്പം വിചിത്രമായി ഇന്നു തോന്നിയേക്കാവുന്ന ഈ പ്രവർത്തി, രണ്ടായിരം വർഷങ്ങൾക്ക് മുമ്പുള്ള സാമൂഹ്യാചാരങ്ങളുടെ പശ്ചാത്തലത്തിൽവേണം മനസസിലാക്കുവാൻ. മദ്ധ്യപൂർവ്വദേശങ്ങളിൽ ഒരു അതിഥി വീട്ടിൽ വരുമ്പോൾ, കാൽ കഴുകുവാൻ വെള്ളം കൊടുത്തായിരുന്നു സ്വീകരിച്ചിരുന്നത്. അബ്രഹാം മൂന്നു ദൂതൻമാരെ മെമ്രെയുടെ തോപ്പിൽവെച്ച് സ്വീകരിക്കുവാൻ 'വെള്ളം കൊണ്ടുവന്ന് നിങ്ങളുടെ കാലുകളെ കഴുകട്ടെ' എന്ന് അപേക്ഷിക്കുന്നു (ഉല്പ. 18: 4) ഒരു അതിഥിയെ ബഹുമാനിക്കുവാനായിട്ടാണ് യഹൂദൻമാർ കാൽ കഴുകിയിരുന്നത്.

പഴയനിയമത്തിലെ പുരോഹിതൻമാർ പൗരോഹിത്യശുശ്രൂഷ നിവർത്തിക്കുവാൻ സമാഗമനകൂടാരത്തിൽ കടക്കുന്നതിനു മുമ്പ് കൈകാലുകൾ കഴുകണമെന്ന് ന്യായപ്രമാണം അനുശാസിക്കുന്നു. (പുറ. 30: 19–20). പുതിയനിയമകാലത്ത് പാലസ്ററീനിൽ, ധനവാൻമാരുടെ വീടുകളിൽ അടിമകളാണ് അതിഥികളുടെ കാലുകൾ കഴുകിയിരുന്നത്. റാബിമാരുടെ അഭിപ്രായമനുസരിച്ച് പുറജാതിക്കാരനായ അടിമ യജമാനന്റെ കാലുകൾ കഴുകുവാൻ ബാദ്ധ്യസ്ഥനാണ്. എന്നാൽ യഹൂദനായ അടിമ അങ്ങനെ ചെയ്യേണ്ടതില്ല. സ്ത്രീ ഭർത്താവിന്റെയും, കുട്ടികൾ പിതാവിന്റെയും കാലുകൾ കഴുകണമെന്ന് റാബിമാർ പഠിപ്പിച്ചിരുന്നു. റാബിമാരുടെ ശിഷ്യൻമാർ, ഒരു അടിമയുടെ രീതിയിൽ ഗുരുവിനെ ശുശ്രൂഷിക്കുവാൻ ബാദ്ധ്യസ്ഥരായിരുന്നു. ഈ സാഹചര്യത്തിൽ വേണം കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയതിന്റെ അർത്ഥം മനസസിലാക്കുവാൻ.

## 2. എന്തിനാണ് കർത്താവ് ശിഷ്യൻമാരുടെ കാൽ കഴുകിയത്

ഈ ചോദ്യത്തിന് രണ്ടുത്തരങ്ങളാണ് യോഹന്നാൻ 13-ാം അദ്ധ്യായത്തിൽ നൽകിയിരിക്കുന്നത്.

i) കർത്താവിന്റെ കഷ്ടാനുഭവത്തിൽ പങ്കാളികളാകുവാനാണ് ശിഷ്യൻമാരുടെ കാലുകൾ കഴുകിയത്. കർത്താവ് ശീമോൻ പത്രോസിന്റെ അടുക്കൽ ചെന്നപ്പോൾ നടക്കുന്ന സംഭാഷണത്തിൽ നിന്നും ഈ ആശയം വ്യക്തമായി മനസസിലാക്കാം. (യോഹ. 13: 6–8 വായിക്കുക.)

പിറെറ ദിവസം ഒരു മഹാപുരോഹിതനെപ്പോലെ കർത്താവ് യാഗമായി കുരിശിൽ സ്വയം അർപ്പിക്കുവാൻ പോകയാണ്. കുരിശുമരണമെന്ന യാഗത്തിൽ പങ്കാളികളാകുവാൻ, ശിഷ്യൻമാരെ ഒരുക്കുവാനാണ് കർത്താവ് അവരുടെ കാൽ കഴുകിയത്. പരമമായ ശുശ്രൂഷയിൽ ശിഷ്യൻമാരെ പങ്കാളികളാക്കുവാനായിട്ടാണ് അവരുടെ കാൽ കർത്താവ് കഴുകുന്നത് യോഹ. 13: 12–17–ൽ

കാൽ കഴുകിയതിന്റെ അർത്ഥം കർത്താവുതന്നെ വിശദീകരിച്ചുകൊടുക്കുന്നു. എല്ലാ പെസഹാ വ്യാഴാഴ്ചയും ഒരു ചടങ്ങ് (Ritual) എന്ന നിലയിൽ ആവർത്തിക്കുവാൻവേണ്ടി മാത്രമല്ല, കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയത്. വിനയത്തോടുകൂടി ലോകത്തെ ശുശ്രൂഷിക്കുകയാണ് ശിഷ്യന്മാരുടെ ദൗത്യമെന്ന് കാണിച്ചുകൊടുക്കാനായിട്ടാണ് കർത്താവ് കാൽ കഴുകിയത്. തന്റെ യഥാർത്ഥ താഴ്മ കുരിശുമരണമാണ്. ആ താഴ്മയുടെ ശുശ്രൂഷയുടെ മുൻകുറിയാണ് ഈ കാൽ കഴുകൽ.

ii) മററ് സുവിശേഷങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ അന്ത്യ അത്താഴത്തിൽ, വി. കുർബാനാനുഭവത്തിനുള്ള ഒരുക്കമായിട്ടുകൂടിയാണ് കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയതെന്നു കാണാം. കർത്താവും പത്രോസും തമ്മിലുള്ള സംഭാഷണത്തിൽ ഇതിന്റെ ധ്വനിയുണ്ട്. (യോഹ. 13: 9–10) വി. കുർബാനയെന്ന സ്വർഗ്ഗീയ വിരുന്നിൽ ശിഷ്യന്മാർ പങ്കാളികളായിത്തീരണമെങ്കിൽ കാൽകൂടി കഴുകണം. കാൽവരിയിലെ യഥാർത്ഥ കുർബാനയർപ്പണത്തിന് കാൽകഴുകലിലൂടെ താൻ ശിഷ്യന്മാരെ ഒരുക്കുന്നു.

### 3. 'ഒരു പുതിയ കല്പന ഞാൻ നിങ്ങൾക്കു തരുന്നു'.

കുരിശുമരണത്തിലൂടെ വെളിപ്പെട്ട വിനയത്തിന്റെ മുൻകുറിയായിട്ടാണ് കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയതെന്ന് കണ്ടു. വിനയത്തോടെ കർത്താവ് കാൽ കഴുകിയത് ശിഷ്യന്മാരോട്, അതായത് മനുഷ്യവർഗ്ഗത്തോട് തനിക്കുള്ള സ്നേഹത്തിന്റെ അടയാളമായിട്ടാണ്. സ്നേഹവും വിനയവും രണ്ടല്ല, രണ്ടും അഭേദ്യമായി ബന്ധപ്പെട്ടതാണ്. യോഹ. 13–ാം അദ്ധ്യായം ആരംഭിക്കുന്നതും അവസാനിക്കുന്നതും സ്നേഹത്തെപ്പററി പറഞ്ഞുകൊണ്ടാണ് (13: 1, 13; 34–35). യോഹ. 13: 34 ശ്രദ്ധേയമാണ്. 'നിങ്ങൾ തമ്മിൽ തമ്മിൽ സ്നേഹിക്കണം എന്ന പുതിയൊരു കല്പന ഞാൻ നിങ്ങൾക്കു തരുന്നു'. ഇവിടെ 'പുതിയ കല്പന' (New Commandment) എന്ന സ്ഥാനത്ത് ലാററിനിൽ Mandatum novum എന്ന വാക്കാണ് കാണുന്നത്. Mandatum എന്ന വാക്കിൽനിന്നാണ് Maundy Thursday എന്ന പേര് ഇംഗ്ലീഷിൽ പെസഹാവ്യാഴാഴ്ചയ്ക്ക് ഉണ്ടായത്. (പുതിയ) കല്പനയുടെ വ്യാഴാഴ്ചയാണ് പെസഹാവ്യാഴാഴ്ച, (Maundy Thursday), അതായത് സ്നേഹത്തിന്റെ വ്യാഴാഴ്ച

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്







Jacob Daniel, Philadelphia.



യാണ്. ഈ പുതിയ കല്പന സ്ഥാപിക്കുവാൻ കൂടിയാണ് കർത്താവ് ശിഷ്യന്മാരുടെ കാൽ കഴുകിയത്.

### 4. കാൽ കഴുകൽ ശുശ്രൂഷ നൂററാണ്ടുകളിലൂടെ

1 തിമൊ. 5: 10–ൽ സ്നേഹത്തിന്റെ ഒരു പ്രവർത്തിയായി കാൽ കഴുകലിനെപ്പററി പരാമർശിക്കുന്നുണ്ട്. അതിഥി സൽക്കാരത്തോടനുബന്ധിച്ചുള്ള കാൽ കഴുകലിനെപ്പററിയായിരിക്കണം ഇവിടെ വിവക്ഷിക്കുന്നത്. എന്നാൽ സഭയുടെ പിൽക്കാല ചരിത്രത്തിൽ മൂന്നു തരത്തിലുള്ള കാൽ കഴുകൽ ഉണ്ടായിരുന്നതായി രേഖകളുണ്ട്. (i) മാമോദീസായിൽ. (ii) സന്യാസാശ്രമങ്ങളിൽ. (iii) പെസഹാവ്യാഴാഴ്ച.

#### i) മാമോദീസായിലുള്ള കാൽ കഴുകൽ

നാലാം നൂററാണ്ടുമുതൽ പാശ്ചാത്യസഭയിൽ മാമോദീസായേററവരുടെ കാൽ മെത്രാപ്പോലീത്തായും പട്ടക്കാരും ചേർന്ന് കഴുകുന്ന പതിവുണ്ടായിരുന്നു. നാലാം നൂററാണ്ടിൽ മിലാനിൽ ഈ പതിവുണ്ടായിരുന്നതായി അംബ്രോസ് എഴുതുന്നുണ്ട്. മാമോദീസായേററയാളിന്റെ കാൽ കഴുകുമ്പോൾ യോഹന്നാൻ 13–ാം അദ്ധ്യായം വായിച്ചിരുന്നു. 'നീ മനുഷ്യന്റെ കുതികാൽ തകർക്കും' (ഉല്പ. 3: 15) എന്ന് സർപ്പത്തോട് ദൈവം പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അംബ്രോസ് ഇങ്ങനെ പറയുന്നു. 'മാമോദീസായിൽ നിന്റെ കാൽ കഴുകുന്നത് ഒരു സുരക്ഷിത നടപടിയായിട്ടാണ്. സാത്താൻ നിന്റെ കുതികാൽ കടിക്കാതിരിക്കാനാണ് കാൽ കഴുകുന്നത്''.

എട്ടാം നൂററാണ്ടിലെ പാശ്ചാത്യ സഭയിൽ കാൽ കഴുകുന്നത് 'ആതിഥേയത്വത്തിന്റെ കൂദാശ' (Sacrament of Hospitality) എന്ന നിലയിൽ ആയിരുന്നു. മെത്രാപ്പോലീത്താ മാമോദീസായേററയാളിന്റെ കാൽ കഴുകിക്കൊണ്ട് ഇങ്ങനെ പറഞ്ഞിരുന്നു. 'കർത്താവ് ശിഷ്യൻമാരുടെ കാൽ കഴുകി. ഞാൻ നിന്റെ കാൽ കഴുകുന്നതോ, നീ അതിഥികൾക്കും, നിന്റെയടുക്കൽ വരുന്ന വഴിയാത്രക്കാർക്കും ഇതു ചെയ്യേണ്ടതിനാണ്. ഇങ്ങനെ നീ ചെയ്യുന്നുവെങ്കിൽ നീ നിത്യജീവന് അവകാശിയായിത്തീരും.' എട്ടാം ശതകത്തിനുശേഷം മാമോദീസായിൽ കാൽ കഴുകുന്ന സമ്പ്രദായം പാശ്ചാത്യ സഭയിൽ ഇല്ലാതായിത്തീർന്നു.

#### ii) സന്യാസികളുടെയിടയിൽ

റമ്പാൻ സ്ഥാനദാന ശുശ്രൂഷയിൽ കാൽ കഴുകുന്ന രീതി നമ്മുടെ സഭയിലുണ്ട്. സമർപ്പണത്തിന്റെ അടയാളമായിട്ടാണ് ഇവിടെ കാൽ കഴുകുന്നത്. കൂടാതെ ആശ്രമങ്ങളിൽ എത്തുന്ന അതിഥികളുടെ കാൽ കഴുകുന്ന രീതി ചിലയിടങ്ങളിൽ ഉണ്ടായിരുന്നു. 'ആശ്രമത്തിൽ എത്തുന്ന അതിഥികളുടെ കാലുകൾ ആശ്രമാധിപനും മററു സന്യാസികളും ചേർന്ന് കഴുകണമെന്ന്' പാശ്ചാത്യ സന്യാസപ്രസ്ഥാനത്തിന്റെ സ്ഥാപകനായ ബനഡിക്ടിന്റെ നിയമങ്ങളിൽ പറയുന്നു. ബനഡിക്ടയിൻ ഓർഡറിൽപ്പെട്ട ആശ്രമങ്ങളിൽ സന്യാസിമാർ മാറിമാറി ഭക്ഷണം വിളമ്പുന്ന രീതിയാണുള്ളത്. ഓരോ ശനിയാഴ്ചയും ആ ആഴ്ചയിൽ ഭക്ഷണം വിളമ്പിയ സന്യാസിയും അടുത്ത ആഴ്ചയിൽ വിളമ്പുന്നയാളും ചേർന്ന്

> **ഭക്തിവാക്യങ്ങൾ**
>
> പരിശുദ്ധാത്മാവ്
>
> 4. 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ, അവൻ സകല സത്യത്തിലും, നിങ്ങളെ വഴി നടത്തും'.
>
> യോഹ. 16: 13a

എല്ലാ സന്യാസിമാരുടേയും കാൽ കഴുകണമെന്നാണ് നിയമം. ഇവിടെ പരസ്പര ബഹുമാനത്തിന്റെയും സ്നേഹത്തിന്റെയും സേവനത്തിന്റെയും അടയാളമാണ് കാൽ കഴുകൽ. ബനഡിക്ടയിൻ സന്യാസാശ്രമങ്ങളിൽ ഒരു സന്യാസി പുതുതായി ചേരുമ്പോൾ ആശ്രമാധിപൻ അയാളുടെ കാൽ കഴുകുന്ന പതിവ് ഇന്നും ചിലയിടങ്ങളിലുണ്ട്.

#### iii) പെസഹാ വ്യാഴാഴ്ച കഴുകുന്ന പതിവ്

ഒരു മെത്രാപ്പോലീത്താ തന്റെ കത്തീഡ്രൽ ദേവാലയത്തിൽവെച്ച് വൈദികരുടെയോ, വിശ്വാസികളുടെയോ കാൽ കഴുകുന്ന സമ്പ്രദായം അഞ്ചാം നൂററാണ്ടു മുതലെങ്കിലും പൗരസ്ത്യ സഭയിലുണ്ട്. മെത്രാപ്പോലീത്താ മാത്രമല്ല വൈദികരും ഇടവകപ്പള്ളികളിൽ വിശ്വാസികളുടെ കാൽ കഴുകുന്ന പതിവ് റോമൻ കത്തോലിക്കാ സഭയിലുണ്ട്.

യോഗത്തെ അറിയിച്ചു. വിശദമായ ചർച്ചകൾക്കു ശേഷം ബജററുകൾ പാസാക്കി.

### മാനേജിംഗ് കമ്മററി നിശ്ചയങ്ങൾ

1986 ഒക്ടോബർ 2-ാം തീയതി കൂടിയ മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെ നിശ്ചയങ്ങൾ യോഗത്തിൽ വായിച്ചു. യോഗം അത് അംഗീകരിച്ചു.

### വേദവായനകുറിപ്പ്

മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ തയ്യാറാക്കിയ വേദവായനകുറിപ്പിൻെറ പരിഷ്ക്കരിച്ച പതിപ്പിൻെറ കോപ്പികൾ എല്ലാവർക്കും വിതരണം ചെയ്തു. പുതിയ പതിപ്പ് അംഗീകരിക്കുന്നതിനുമുമ്പ് പ്രസ്തുത ഡ്രാഫ്ററ് പഴയ ലെക്സിക്കോണുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കണമെന്നും ഓരോ ദിവസവും എത്ര വായനകൾ വേണമെന്നു നിജപ്പെടുത്തണമെന്നും സുന്നഹദോസ് അംഗങ്ങൾ അഭിപ്രായപ്പെട്ടു. ഇപ്രകാരം ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിന് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ, സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ, മാത്യൂസ് മാർ ബർന്നബാസ് മെത്രാപ്പോലീത്താ (കൺവീനർ) എന്നിവരെ യോഗം ചുമതലപ്പെടുത്തി. പ. സുന്നഹദോസിലെ മററ് അംഗങ്ങളും ഡ്രാഫ്ററ് സംബന്ധിച്ച അവരുടെ അഭിപ്രായങ്ങൾ കഴിവതുംവേഗം ഈ കമ്മററി കൺവീനറെ അറിയിക്കണമെന്നും തീരുമാനിച്ചു.

### ഒരാളെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമം

1981-ൽ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസിൻെറ നിശ്ചയപ്രകാരം പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ കൺവീനറായി നിയമിക്കപ്പെട്ടിട്ടുള്ള കമ്മററി തയ്യാറാക്കിയതും പിന്നീട് നടന്ന പ. സുന്നഹദോസ് യോഗങ്ങളിൽ വായിച്ച് ചർച്ചചെയ്ത് ഭേദഗതികൾ വരുത്തിയിട്ടുള്ളതുമായ പ്രസ്തുത നടപടിക്രമം പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ വായിച്ചു. യോഗം അതേപ്പററി വിശദമായി ചർച്ചചെയ്ത് നടപടിക്രമം അംഗീകരിച്ചു.

### വട്ടശേരിൽ തിരുമേനിയെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതു സംബന്ധിച്ച്

1981 ഫെബ്രുവരി സുന്നഹദോസിൽ മലങ്കര സഭാഭാസുരൻ വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനെ സംബന്ധിച്ച് ലഭിച്ച അപേക്ഷയെപ്പററി യോഗം ചിന്തിച്ചു. ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടികൾ താമസിയാതെ ആരംഭിക്കണമെന്ന് തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ അഭിപ്രായപ്പെട്ടു. സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ അഭിപ്രായത്തെ പിന്താങ്ങി. യോഗം ആ അഭിപ്രായം അംഗീകരിക്കുകയും വട്ടശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിന് ടി നടപടിക്രമം 3-ാം വകുപ്പനുസരിച്ച് പ്രാരംഭ കമ്മീഷനായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ (പ്രസിഡണ്ട് & കൺവീനർ), ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ, തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, ഫാ. ജേക്കബ് മണലിൽ, ഫാ. ററി. ജെ. ജോഷ്വാ, സി. കെ. കൊച്ചുകോശി IAS (Retd.), ഡോ. സാമുവൽ ചന്ദനപ്പള്ളി എന്നിവരെ നിയമിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു.

### ലിററർജിക്കൽ കമ്മീഷൻെറ റിപ്പോർട്ട്

സഭയിൽ നിലവിലിരിക്കുന്ന ആരാധനാക്രമങ്ങൾ പരിഭാഷയിലും ഭാഷാ ശൈലിയിലും ആവശ്യമായ തിരുത്തലുകൾ വരുത്തി പരിഷ്ക്കരിക്കണമെന്ന് യോഗം നിശ്ചയിച്ചു. ആയതിന് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ വൈദിക സെമിനാരി ഫാക്കൽററിയും ബഹുഭാഷാ പണ്ഡിതൻമാരും അടങ്ങുന്ന ഒരു കമ്മററിയെ നിയമിക്കണമെന്നും തീരുമാനിച്ചു.

കൂടാതെ വി. വേദപുസ്തകത്തിന് മലങ്കര ഓർത്തഡോക്സ് സഭവകയായ ഒരു മലയാള പരിഭാഷ ഉണ്ടായിരിക്കേണ്ടതിൻെറ ആവശ്യകതയെപ്പററി യോഗം ചിന്തിച്ചു. വി. വേദപുസ്തകത്തിലെ പുതിയ നിയമത്തിൻെറ ഒരു മലയാള പരിഭാഷ ആദ്യമായി തയ്യാറാക്കണമെന്നും ആയത് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കണമെന്നും നിശ്ചയിച്ചു.

കുട്ടികളുടെ പുന:പ്രതിഷ്ഠാക്രമം തയ്യാറാക്കി അടുത്ത സുന്നഹദോസിൽ സമർപ്പിക്കുന്നതിന് സഖറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെയും പൗലൂസ് മാർ മിലിത്തിയോസ് എപ്പിസ്ക്കോപ്പായെയും ചുമതലപ്പെടുത്തി.

### പഞ്ചവൽസര പദ്ധതികൾ

അടുത്ത 15 വർഷങ്ങളിലേക്കു മൂന്നു പഞ്ചവൽസരപദ്ധതികൾ തയ്യാറാക്കുന്നതിന് പ. സുന്നഹദോസ് നിശ്ചയിച്ചിരുന്ന കമ്മററി 1990-ാം മാണ്ട് അവസാനിക്കത്തക്ക വിധത്തിൽ ആദ്യത്തെ പഞ്ചവൽസര പദ്ധതി തയ്യാറാക്കിയത് കമ്മററി കൺവീനർ ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ അവതരിപ്പിച്ചു.

ആദ്ധ്യാത്മിക സംഘടനകൾ പുഷ്ടിപ്പെടുത്തുക, സഭാംഗങ്ങളുടെ ആത്മീയജീവിതം ശക്തിപ്പെടുത്തുക, മിഷൻ പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുക, മദ്യവർജ്ജനം നടപ്പിലാക്കുക, ഭവനരഹിതർക്ക് ഭവനദാനം, തൊഴിൽരഹിതർക്ക് തൊഴിലവസരങ്ങൾ ഉണ്ടാക്കുക, ആരാധനാകേന്ദ്രങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ നിർമ്മിക്കുക, അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ കാതോലിക്കേററ് സെൻറർ ഉണ്ടാക്കുക, ആശ്രമപ്രസ്ഥാനങ്ങൾ വിപുലമാക്കുക മുതലായവയ്ക്ക് പ്രത്യേകം ഊന്നൽ കൊടുത്തുകൊണ്ടുള്ള ഒന്നാം പഞ്ചവൽസര പദ്ധതി ചർച്ചകൾക്കുശേഷം യോഗം അംഗീകരിച്ചു.

എല്ലാ മെത്രാസന ഇടവകകളിലും പ്രസ്തുത പദ്ധതിപ്രകാരമുള്ള നടപടികൾ എത്രയുംവേഗം ആസൂത്രണം ചെയ്ത് നടപ്പിലാക്കുവാൻ ഇടവക മെത്രാപ്പോലീത്താമാർ വേണ്ട നേതൃത്വം നൽകണമെന്നും യോഗം നിശ്ചയിച്ചു.

### നിലയ്ക്കൽ കെട്ടിടം

നിലയ്ക്കൽ എക്യുമെനിക്കൽ സെൻററിനടുത്തുള്ള സഭവക സ്ഥലത്ത് കെട്ടിടം പണിയുന്നതിനെപ്പററി എൻജിനീയർ കെ. സി. അലക്സാണ്ടറും ആർക്കിടെക്ട് തോമസ് പണിക്കരും ചേർന്ന് തയ്യാറാക്കിയ കെട്ടിടത്തിൻെറ പ്ളാൻ സുന്നഹദോസ് പരിശോധിച്ചു. പണിയുടെ ആദ്യഘട്ടമായി സ്ഥലം നിരപ്പാക്കി ചുററും മതിൽ കെട്ടണമെന്നു നിശ്ചയിച്ചു.

### ആഫ്രിക്കൻ ദുരിതാശ്വാസ പ്രവർത്തനങ്ങൾ

സഭവകയായി ആഫ്രിക്കയിലെ വരൾച്ച ബാധിത പ്രദേശങ്ങളിൽ നടത്തിയ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ നാളിതുവരെയുള്ള റിപ്പോർട്ടും കണക്കും മിഷൻബോർഡ് പ്രസിഡണ്ട് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തിൽ അവതരിപ്പിച്ചു. യോഗം അത് അംഗീകരിക്കുകയും പ്രവർത്തനങ്ങൾക്ക് നേതൃത്വം


## PARUMALA MAR GREGORIOS CHARITY FUND

പരിശുദ്ധ പരുമല തിരുമേനിയുടെ നാമത്തിൽ രൂപവൽക്കരിച്ചിട്ടുള്ള ജീവകാരുണ്യപ്രവർത്തനഫണ്ടിൽനിന്നും ധനസഹായം ആവശ്യമുള്ള നിർദ്ധനരും ആലംബഹീനരുമായവരിൽനിന്നും അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ബന്ധപ്പെട്ട ഇടവകവികാരി, ഇടവക സെക്രട്ടറി എന്നിവരുടെ ശുപാർശയും ധനസഹായം എന്തിനുവേണ്ടി എന്നുള്ളതിൻെറ പൂർണ്ണ വിവരങ്ങളും സഹിതം താഴെ കാണുന്ന വിലാസത്തിൽ 1987 മേയ് 30-തിനു മുമ്പായി അപേക്ഷകൾ അയയ്ക്കേണ്ടതാണ്.

THE VICAR (AHMADI) P. O. Box No. 5825. 13059 – SAFAT – KUWAIT

അപേക്ഷകൻെറ പേര്, പൂർണ്ണമായ മേൽവിലാസം, ഇടവക, ഭദ്രാസനം എന്നിവ വ്യക്തമായി അപേക്ഷയിൽ കാണിച്ചിരിക്കണം. ഇതേ ആവശ്യത്തിന് വേറെ ഏതെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിൻെറ വിശദവിവരങ്ങൾ അറിയിക്കണം.

Note:- (1) അയയ്ക്കുന്ന കവറിൻെറ പുറത്ത് കുരിശടയാളമോ, പള്ളിമുദ്രയോ ഉണ്ടായിരിക്കരുത്.
(2) അപേക്ഷയുടെ ഒരു പ്രതി മാനേജർ, മലങ്കരസഭ കോട്ടയം-38 എന്ന വിലാസത്തിൽ അയക്കേണ്ടതാണ്.

(സെക്രട്ടറി)
അഹമ്മദി കോൺഗ്രിഗേഷൻ, കുവൈററ്

തേവോദോസ്യോസ്, പ്രസ്ഥാനം ജനറൽ സെക്രട്ടറി ഡീക്കൻ ഓ. പി. വറുഗീസ് തുടങ്ങിയവർ സംസാരിച്ചു.

### ശിലാസ്ഥാപനം

ബൊക്കാറൊ സെ. മേരീസ് ഇടവകയ്ക്ക് ബൊക്കാറൊ സ്റ്റീൽ പ്ളാൻറിൽനിന്ന് എം. ജി. എം. സ്കൂളിനുവേണ്ടി നല്കിയ എട്ട് ഏക്കർ സ്ഥലത്തു പണി കഴിപ്പിക്കുന്ന സ്കൂൾ കെട്ടിടത്തിൻെറ ശിലാസ്ഥാപനം സ്റ്റീൽ പ്ളാൻറു മാനേജിംഗ് ഡയറക്ടർ മി. എസ്. ആർ. രാമകൃഷ്ണൻ നിർവഹിച്ചു. ഇതു സംബന്ധിച്ചു ചേർന്ന പൊതുസമ്മേളനത്തിൽ ഇടവക മെത്രാപ്പോലീത്താ മാർ തേവോദോസ്യോസ് തിരുമേനി സ്വാഗതവും ഫാ മക്നമാറാ, മി. സുന്ദരേശൻ എന്നിവർ ആശംസാപ്രസംഗങ്ങളും നടത്തി. ഫാ. ഓ തോമസ് കൃതജ്ഞത പ്രകാശിപ്പിച്ചു.

### യാത്രയയപ്പ്

ബോംബെ ദാദർ സെ. മേരീസ് ഓർത്തഡോക്സ് പള്ളി വികാരിയായി 10 വർഷത്തിനു മീതെ പ്രശസ്ത സേവനം അനുഷ്ടിച്ചശേഷം മാതൃ ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന വെരി. റവ. സി. സി. ഗീവറുഗീസ് കോർ എപ്പിസ്കോപ്പായ്ക്കു ബോംബെ, സയൻ കോലിവാഡാ പ്രെയർ ഗ്രൂപ്പ് ഫെബ്രുവരി 22-ാം തീയതി ഞായറാഴ്ച വൈകിട്ട് 6 മണിക്ക് ആൻേറാപ് ഹിൽ സി. ജി. എസ്. കോളനിയിൽവച്ച് യാത്രയയപ്പു നൽകി. യാത്രയയപ്പു മീററിംഗിൽ ഭി പള്ളി അസി. വികാരി ഫാ. പൗലോസ് ആദായി അദ്ധ്യക്ഷത വഹിച്ചു. മീററിംഗിൽ ററി. പി. മാത്യു, സി. ററി. സാമുവേൽ, തോമസ് വർഗീസ്, ഏ കെ. ജേക്കബ് എന്നിവർ പ്രസംഗിച്ചു. ഇടവക ട്രസ്ററി കെ കെ മാത്യു പ്രെയർ ഗ്രൂപ്പിനെ പ്രതിനിധീകരിച്ചു ബ. അച്ചനു പണക്കിഴി നൽകി. അറുപതാം വയസസിലേക്കു പ്രവേശിച്ചിരിക്കുന്ന ബ. അച്ചൻ സമുചിതമായ മറുപടി നൽകി.

### അപേക്ഷകൾ ക്ഷണിക്കുന്നു

ഫെഡറേറഡ് ഫാക്കൽററിയുടെ കീഴിൽ എം. ററി. എച്ച്. കോഴ്സുകൾക്ക് പഠിക്കുന്നതിന് ഓർത്തഡോക്സ് സഭാംഗങ്ങളായ B. D. ബിരുദധാരികളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിരിക്കുന്നു. സെക്കൻഡ് ക്ളാസ് ബി. ഡി. ബിരുദധാരികൾ മാത്രം അപേക്ഷിക്കുക. അർഹരായ രണ്ടുപേർക്ക് ഓർത്തഡോക്സ് സെമിനാരി സ്കോളർഷിപ്പ് നൽകുന്നതായിരിക്കും.

വിശദവിവരങ്ങൾക്ക് എഴുതുക.

Registrar, FFRRC, Orthodox Seminary, P. B. 98, Kottayam.

### വെല്ലൂർ മെഡിക്കൽ കോളജ് പ്രവേശനം

വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജിലേക്ക് എം. ബി. ബി. എസ്., ജനറൽ നേഴ്സിംഗ്, ബി. എസ്. സി. നേഴ്സിംഗ്, ഫാർമസി തുടങ്ങിയ കോഴ്സുകളിലേക്ക് ഓർത്തഡോക്സ് സഭയുടെ ശുപാർശയോടുകൂടി പ്രവേശനം ആഗ്രഹിക്കുന്ന ഓർത്തഡോക്സ് സഭാംഗങ്ങളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷാഫാറത്തിനും മററ് വിശദവിവരങ്ങൾക്കുമായി ഡീക്കൻ തോമസ് കുര്യൻ, ഓർത്തഡോക്സ് സ്ററുഡൻറ് സെൻറർ, കോട്ടയം-686001 എന്ന വിലാസത്തിൽ 60 പൈസ സ്ററാമ്പൊട്ടിച്ച കവർ സഹിതം ബന്ധപ്പെടേണ്ടതാണ്. 12000 രൂപയിൽ കുറവ് വാർഷികവരുമാനമുള്ളവരുടെ മക്കൾക്ക് എം. ബി. ബി. എസ്. കോഴ്സിന് സ്കോളർഷിപ്പിനുള്ള അർഹത ലഭിക്കും. അതിനായി അപേക്ഷാഫോറത്തോടുകൂടി വരുമാന സർട്ടിഫിക്കററും കാണിച്ചിരിക്കേണ്ടതാണ്. പൂരിപ്പിച്ച അപേക്ഷകൾ മെയ് 5-ാം തീയതിക്കകം ആഫീസിൽ തിരിച്ചേൽപ്പിക്കേണ്ടതാണ്.

ഇതോടൊപ്പം വെല്ലൂർ മെഡിക്കൽ കോളജിൽ നിന്നുമുള്ള അപേക്ഷാഫാറം അപേക്ഷകർ നേരിട്ടു വരുത്തി പൂരിപ്പിച്ച് തിരികെ അയച്ചുകൊടുക്കേണ്ടതാണ്.

ഇതു സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് റവ. ഡീക്കൻ തോമസ് കുര്യനുമായി മുകളിൽ കാണിച്ചിട്ടുള്ള മേൽവിലാസത്തിൽ ബന്ധപ്പെടുക.

(Phone: 4338)

### യുവജനപ്രസ്ഥാനം

ആയൂർ: ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ആയൂർ ഗ്രൂപ്പിൻെറ വാർഷിക സമ്മേളനം ഫെബ്രുവരി 1-ാം തീയതി ഞായറാഴ്ച ചെറുവക്കൽ സെൻറ് ജോർജ് പള്ളിയിൽവച്ച് നടന്നു. ഫാ. എ. അലക്സാണ്ടർ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ പി. ഒ. ജോൺ, എൻ. കുഞ്ഞപ്പി തുടങ്ങിയവർ പ്രസംഗിച്ചു.



# ബൈബിൾ പഠനം

ഡീ. എം. സി. ചെറിയാൻ

| പാഠം 53 |
| --- |
| 1 തെസ്സലൊനിക്യർ |
| വിജയിയുടെ പേരും വിലാസവും |
| പേര്. ലാഗ്സൺ കെ. വി. |
| വിലാസം. കുത്തൂർ, ചൊവ്വന്നൂർ. |
| ഭദ്രാസനം. കുന്നംകുളം. |
| രജി. നമ്പർ. |

| പാഠം 56 |
| --- |
| 2 തിമൊഥിയോസ് |
| പ്രവേശനഫാറം |
| പേര് ........................................ |
| വിലാസം........................................ |
| ഭദ്രാസനം ........................................ |
| രജി: നമ്പർ..................... |

### പാഠം 53 (ഉത്തരം)

1. 3
2. 4 [1: 2; 2: 10; 5: 17, 25]
3. 16 [1: 4; 2: 1, 9, 14, 17; 3: 7; 4: 1, 10, 13; 5: 1, 4, 12, 14, 25, 26, 27]
4. 2 [2: 18]
5. 4
6. 88
7. 5 [1: 5; 2: 2, 4, 8, 9]
8. 3 [1: 1; 3: 2, 6]
9. 5 [1: 1, 3; 5: 10, 23, 28]
10. 3 [4: 16]
11. 54

### ഉത്തരം ശരിയായി അയച്ചുതന്നവർ

1. ലാഗ്സൻ, ചൊവ്വന്നൂർ.
2. മറിയാമ്മ കോശി, തഴമേൽ.
3. ഡെയ്സി കെ. ഡേവിഡ്, കോയമ്പത്തൂർ.
4. പുഷ്പാ ജോർജ്, കോയിപ്രം.
5. ലിസി ജോൺ, മററം.
6. ഡോ. ഏലിയാമ്മ ഐസക്, പുത്തൂർ.
7. അന്നമ്മ ഗീവറുഗീസ്, പത്തനാപുരം.
8. കൊച്ചന്ന പി. എം. മങ്ങാട്.
9. ഉമ്മൻ തോമസ് ലുധിയാന.
10. മറിയാമ്മ തോമസ്, മേപ്രാൽ.
11. ഷാജി വറുഗീസ്, പെരിങ്ങനാട്.
12. സാലമ്മ കുറിയാക്കോസ്, കല്ലിശേരി.
13. സാറാമ്മ തോമസ്, മലാട്.
14. കെ. വി. തോമസ്, കരഗ്പൂർ.
15. സെസിൽ എബ്രഹാം ആനന്ദ്.
16. എ. കുഞ്ഞമ്മ, പത്തനാപുരം.
17. മേഴ്സി ചെറിയാൻ, റേണുക്കൂട്.
18. മോളി മാത്യൂസ്, നാരങ്ങാനം.
19. ജോൺ ടി. എസ്, തുമ്പമൺ.
20. ജിയോർബി, പാരൂർ.
21. മേരിമാത്യു, കൊല്ലം.

പാഠം 53 ൻെറ ഉത്തരവും സമ്മാനാർഹമായ ആളിൻെറ പേരും വിജയികളുടെ പേരും മുകളിൽ ചേർത്തിരിക്കുന്നു. കണക്ക് ഉപയോഗിച്ച് ബൈബിൾ പഠിക്കാം എന്ന് ആദ്യപാഠത്തിൽ സൂചിപ്പിച്ചതുകൊണ്ടാണ് പാഠം അവസാനിക്കുന്നതുവരെ ഈ രീതി തുടരുന്നത്. പലപ്പോഴും സംഖ്യ മാത്രം തിരക്കുമ്പോൾ പ്രധാനപ്പെട്ട ചോദ്യങ്ങൾ കണ്ടു എന്നു വരുകയില്ല. ഉത്തരം തിരയുമ്പോഴെങ്കിലും ഭാഗം ഒരു പ്രാവശ്യമെങ്കിലും വായിക്കുവാനാണ് ഇപ്രകാരം ചോദ്യങ്ങൾ ചോദിക്കുന്നത്. ഈ ഭാഗത്തുനിന്ന് ഇതിലും നല്ല ചോദ്യങ്ങൾ കണ്ടെത്താം. പക്ഷെ ഈ പഠനപംക്തി അവസാനിക്കുന്നതുവരെ സാധിക്കുകയില്ലല്ലോ. വായനക്കാർ ക്ഷമിക്കുക. തുടർന്നുള്ള ഏതാനും പാഠങ്ങളിലൂടെ ഈ സഹിഷ്ണത തുടരുമെന്നു കരുതുന്നു.

### പാഠം 56

### 2 തിമൊഥിയോസ്

1. ക്രിസ്തുയേശു എന്ന പദം എത്ര പ്രാവശ്യം ഇതിൽ ഉപയോഗിച്ചിട്ടുണ്ട്?

പുസ്തകാഭിപ്രായം

## അസ്തമിക്കാത്ത സൂര്യൻ

(ഗ്രന്ഥകർത്താവ്: ഫാ. ജോൺ ശങ്കരത്തിൽ)

വില 5 രൂപാ (പോസ്റ്റേജ് 50 പൈസ)

''അസ്തമിക്കാത്ത സൂര്യൻ'' എന്ന പേരു കൊണ്ടുതന്നെ ശ്രദ്ധേയമായ ഒരു പുസ്തകമാണിത്. ഒരാവർത്തി വായിച്ചുകഴിഞ്ഞപ്പോൾ ഉള്ളടക്കംകൊണ്ടും ഈ ഗ്രന്ഥം ശ്രദ്ധേയമായി തോന്നി.

മലങ്കര ഓർത്തഡോക്സ് സഭ ഭാരതത്തിനു സംഭാവന ചെയ്ത അസാധാരണ പുണ്യപുരുഷനായ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ സംഭവബഹുലവും കർമ്മനിരതവുമായ ജീവിതകഥയാണ് 'അസ്തമിക്കാത്ത സൂര്യനിൽ' പ്രതിപാദിച്ചിരിക്കുന്നത്. തിരുമേനിയുടെ വ്യക്തിപ്രഭാവത്തിന്റെ വിവിധ മുഖങ്ങൾ അനാവരണം ചെയ്യുന്ന ഒന്നിലധികം കൃതികൾ ഇതിനു മുൻപുതന്നെ ഉണ്ടായിട്ടുണ്ട്. അത്തരം പുസ്തകങ്ങൾ വായിച്ചിട്ടുള്ളവർപോലും ഫാ. ജോൺ ശങ്കരത്തിലിന്റെ ഈ പുസ്തകം ഒരേ ഇരുപ്പിൽ ഇരുന്ന് വായിച്ചുതീർക്കും എന്നു തീർച്ചയാണ്. അത്രയ്ക്കു ഹൃദ്യമായ രചനാപാടവമാണ് ഗ്രന്ഥകർത്താവ് പ്രദർശിപ്പിച്ചിട്ടുള്ളത്.

ത്യാഗത്തിന്റെ ബലിവേദിയിൽ സ്വജീവിതം അർപ്പിച്ച ഒരു വെള്ളിനക്ഷത്രമായിട്ടാണ് ഗ്രന്ഥകർത്താവ് തിരുമേനിയെ അവതരിപ്പിക്കുന്നത്. മനുഷ്യസേവനനിരതമായ ആ വിശുദ്ധ ജീവിതം അനേകർക്കു പ്രകാശം പകർന്നുകൊടുത്തു. അവശജനോദ്ധാരണത്തിനുവേണ്ടി കൈമെയ് മറന്നു പ്രവർത്തിച്ച തിരുമേനി അനീതിക്കെതിരെ സിംഹതുല്യം ഗർജ്ജിച്ചു. ആ ഗർജ്ജനത്തിന്റെ മാറ്റൊലി ഇന്നും സഭാ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കുന്നു. ഈ മനോഹര ഗ്രന്ഥം വായിക്കുന്ന ആരിലും പുണ്യശ്ലോകനായ തിരുമേനിയുടെ പ്രകാശകിരണങ്ങൾ പതിക്കാതിരിക്കില്ല.

നല്ല വെള്ള മേനിക്കടലാസിൽ ഭംഗിയായി മുദ്രണം ചെയ്തിട്ടുള്ള ഈ ചെറുഗ്രന്ഥത്തെ മലയാളമനോരമ വീക്കിലി പത്രാധിപർ ഡോ കെ എം. തരകന്റെ പ്രൗഢഗംഭീരമായ അവതാരിക കൂടുതൽ ഈടുറ്റതാക്കുന്നു. സഭാംഗങ്ങളും അല്ലാത്തവരുമായ ആർക്കും ഈ ഗ്രന്ഥം പ്രയോജനം ചെയ്യാതിരിക്കില്ല. സൺഡേസ്കൂൾ കുട്ടികൾക്കും മററും സമ്മാനമായി നൽകുവാൻ ഈ പുസ്തകം തികച്ചും അനുയോജ്യമാണെന്ന് പറയുന്നതിൽ എനിക്കു സന്തോഷമുണ്ട്. ഇതിന്റെ കോപ്പികൾ നഭവക ബുക്കു ഡിപ്പോകളിൽനിന്നും ദേവലോകം കാതോലിക്കേററ് ഓഫീസിൽനിന്നും ലഭിക്കുന്നതാണ്.

–ഫാ. ററി. ജി. സഖറിയാ

---

2. 'കഷ്ടം സഹിക്ക' എന്നുമാത്രം എത്ര പ്രാവശ്യം?

3. ഉപനിധി എത്ര പ്രാവശ്യം?

4. ഒനേസിഫൊറസിനെ എത്ര പ്രാവശ്യം സ്മരിക്കുന്നു?

5. നമുക്കു തന്ന ആത്മാവിനു എത്ര ഗുണങ്ങൾ ഉണ്ട്?

6. എത്ര കിരീടത്തെപ്പററി ലേഖനത്തിൽ പരാമർശിക്കുന്നു?

7. ദുർഘടസമയങ്ങൾ വരുമ്പോൾ എത്ര രീതിയിലുള്ള മനുഷ്യരെ കാണും?

8. ആകെ വാക്യം എത്ര?

9. നാലാം അദ്ധ്യായത്തിനു പേരു പറയപ്പെടുന്നവർ എത്ര?

10. സത്യംചെയ്ത് കല്പിക്കുന്നത് എത്ര കാര്യം ചെയ്യണം എന്നാണ്? (4: 2)

11. ചോദ്യം 8 നോട് ചോദ്യം 9 കൂട്ടുക. അതിനെ ചോദ്യം 10 കൊണ്ട് ഹരിക്കുക. അതിനോട് ചോദ്യം 1 കൂട്ടുക. അതിൽനിന്നും ചോദ്യം 7 കുറയ്ക്കുക അതിനെ ചോദ്യം 2 കൊണ്ട് ഗുണിക്കുക. വീണ്ടും ചോദ്യം 3 കൊണ്ട് ഗുണിക്കുക. അതിൽനിന്നും ചോദ്യം 4 കുറയ്ക്കുക. വീണ്ടും ചോദ്യം 5 കുറക്കുക. അതിനോട് ചോദ്യം 6 കൂട്ടുക. നിങ്ങളുടെ ഉത്തരം എത്ര?

പാഠം 56-ന്റെ ഉത്തരം അടുത്ത മാസം 15–ാം തീയതിക്കു മുമ്പായി ബൈബിൾ പഠനം പാഠം 56. C/o. Dn M. C. Cherian, Orthodox Students Centre, Trivandrum-695 001 എന്ന വിലാസത്തിൽ അയക്കുക.

പലരും മാസിക താമസിച്ചു കിട്ടുന്നു എന്ന് എഴുതികാണുന്നു. താമസിച്ചാണു മാസിക ലഭിക്കുന്നതെങ്കിലും ഉത്തരം അയക്കുക. താമസിച്ചു എന്ന കാരണത്താൽ ആരുടെയും ഉത്തരം തള്ളിക്കളയുകയില്ല. പാഠം 53–ന്റെ വിജയിയും രജി. നമ്പർ എഴുതിയിട്ടില്ല. രജി. നമ്പർ എഴുതായില്ലെങ്കിൽ സമ്മാനം ലഭിക്കുകയില്ല. നിങ്ങൾക്കു വരുന്ന മാസികയിൽ നിങ്ങളുടെ വിലാസം എഴുതിയ പേപ്പറിൽ നിങ്ങളുടെ വിലാസത്തിന്റെ ഇടതുവശത്തു കാണുന്നതാണ് നിങ്ങളുടെ രജി. നമ്പർ. ഇത് പല പ്രാവശ്യം എഴുതിയിട്ടുള്ളതാണ്.

–o–



## റവ. ഫാ. ററി. വി. വറുഗീസ് (മാനേജരച്ചൻ) നിര്യാതനായി



പഴയസെമിനാരി മാനേജർ എന്ന നിലയിൽ രണ്ടു ദശകങ്ങൾ ആയി സേവനം അനുഷ്ഠിച്ചുപോന്ന ഫാ. ററി. വി. വറുഗീസ് (55) മാന്നാത്തുള്ള സ്വാസ്ഥതിയിൽവച്ച് മാർച്ച് 17-ാം തീയതി രാത്രി 1 മണിക്ക് നിര്യാതനായി. ശവസംസ്കാരം മാന്നാർ മർത്തമറിയം പള്ളിയിൽ പ. കാതോലിക്കാബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, ദാനിയേൽ മാർ പീലക്സീനോസ്, ഗീവർഗീസ് മാർ ദിയസ്കോറോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, ഫിലിപ്പോസ് മാർ യൗസേബിയോസ്, ഗീവർഗീസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും നടത്തപ്പെട്ടു. സഭയിലെ അനേകം വൈദികരും ബഹുശതം ജനങ്ങളും ശവസംസ്കാര ചടങ്ങിൽ പങ്കെടുത്തു.

വൈദിക സെമിനാരി അദ്ധ്യാപകരും വിദ്യാർത്ഥികളും ശവസംസ്കാര ശുശ്രൂഷയിൽ ആദ്യന്തം സജീവമായി സംബന്ധിച്ചു.

ലളിത മനസ്കനായ മാനേജരച്ചൻ എല്ലാവർക്കും പ്രിയങ്കരനായിരുന്നുവെന്ന് പ. ബാവാ തിരുമേനി ചരമപ്രസംഗത്തിൽ പറയുകയുണ്ടായി. അച്ചന്റെ ദൈവാശ്രയം, വിശ്വസ്തത തുടങ്ങിയ ശ്രേഷ്ഠ ഗുണങ്ങളെ ബാവാ തിരുമനസ്സു കൊണ്ട് പ്രകീർത്തിക്കയുണ്ടായി. പരേതൻ മാന്നാർ താമരവേലിൽ കുടുംബാംഗമാണ്.

ധന്യാത്മാവായ മാനേജരച്ചൻ 'മലങ്കരസഭാ' മാസികയുടെ ഉററസ്നേഹിതനായിരുന്നു. അദ്ദേഹത്തിന്റെ അകാല ദേഹവിയോഗത്തിൽ മലങ്കരസഭയുടെ അഗാധമായ ദുഃഖം രേഖപ്പെടുത്തുന്നു.

## മദ്യവർജ്ജന–ധാർമ്മികോന്നമന സമതി

മദ്യവർജ്ജന–ധാർമ്മികോന്നമന സമതിയുടെ ആഭിമുഖ്യത്തിൽ പ്രസിഡണ്ട് അഭിവന്ദ്യ മാത്യൂസ് മാർ ബർന്നബാസ് തിരുമേനിയുടെ നേതൃത്വത്തിൽ സെക്രട്ടറി സി. യു മാത്യു, ബ. പാറയ്ക്കൽ കുറിയാക്കോസച്ചൻ, ജോയൻ കുമരകം എന്നിവരടങ്ങിയ സന്ദർശകസംഘം തിരുവല്ലാ എം. ജി. എം., തഴക്കര എം. എസ്. എസ്. ഹൈസ്കൂൾ ആൻഡ് ട്രെയിനിംഗ് കാർത്തികപ്പള്ളി സെ. തോമസ്, പത്തിച്ചിറ സെ. ജോൺസ്, കോട്ടയം എം. ഡി. എസ്., പുത്തനങ്ങാടി [illegible] തോമസ് ഗേൾസ്, വാകത്താനം ജെ. എ. വടവുകോട് രാജർഷി മെമ്മോറിയൽ, കോടനാട് മാർ ഔഗേൻ, കിഴക്കമ്പലം ഗേൾസ് തുടങ്ങിയ ഹൈസ്കൂളുകളും പാമ്പാടി കെ. ജി. കോളജ് [illegible] മാർ ഈവാനിയോസ് ഐ. ററി. സി., പൊങ്ങന്താനം യു. പി. എസ്., വാകത്താനം എം. ഡി. യു. പി., മാർ ബസേലിയോസ് യു. പി., ഓതറ സെ. മേരീസ് യു. പി. എന്നീ അപ്പർ പ്രൈമറി സ്കൂളുകളും സന്ദർശിച്ച് പുകവലി, മയക്കുമരുന്ന്, മദ്യപാനം എന്നിവയുടെ ദൂഷ്യഫലങ്ങളെപ്പററിയും അവയെ എങ്ങിനെ വിദ്യാർത്ഥികൾ നേരിടുമെന്നതിനെപ്പററിയും ആവശ്യമായ ഉത്ബോധനം നൽകി.

ഈ അദ്ധ്യയനവർഷത്തിൽ ഇനി സ്കൂൾ സന്ദർശനം ഉണ്ടായിരിക്കുകയില്ല. 87 ജൂൺ മാസം മുതൽ ആവശ്യപ്പെടുന്ന സ്ഥലങ്ങളിൽ മുൻഗണന നൽകി സന്ദർശന പരിപാടി തുടരുന്നതായിരിക്കുമെന്നും സെക്രട്ടറി മി. സി. യു. മാത്യുവിന്റെ ഒരു അറിയിപ്പിൽ പറയുന്നു.

---

## യേശുനാഥന്റെ പൂന്തോട്ടം

സ്ഥലപരിമിതിമൂലം യേശുനാഥന്റെ പൂന്തോട്ടം ഈ ലക്കത്തിൽ ചേർക്കാൻ സാധിക്കാതെ വന്നതിൽ ഖേദിക്കുന്നു. അടുത്ത ലക്കത്തിൽ ചേർക്കുന്നതാണ്.

പത്രാധിപർ.

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686038



കാലംചെയ്ത യാക്കോബ് മാർ പോളിക്കാർപ്പോസ് മെത്രാപ്പോലീത്തായുടെ 30–ാംദിന അടിയന്തരത്തോടനുബന്ധിച്ച്, മാർ ബർണബാസ്, മാർ സേവേറിയോസ്, മാർ തീമോത്തിയോസ്, മാർ പക്കോമിയോസ് എന്നീ തിരുമേനിമാർ കബറിങ്കൽ ധൂപപ്രാർത്ഥന നടത്തിയപ്പോൾ.




ബൊക്കാ എം. ജി. എം.ഹൈസ്ക്കൂളിനുവേണ്ടി ബൊക്കാറോ സെ. മേരീസ് ഓർത്തഡോക്സ് ഇടവകയ്ക്ക് സ്റ്റീൽപ്ലാൻറിൽ നിന്നും അനുവദിച്ച എട്ട് ഏക്കർ സ്ഥലത്ത്, സ്റ്റീൽപ്ലാൻറ് മാനേജിംഗ് ഡയറക്ടർ എസ്. ആർ. രാമകൃഷ്ണൻ സ്ക്കൂൾകെട്ടിടത്തിൻെറ ശിലാസ്ഥാപനം നിർവ്വഹിക്കുന്നു. ഇടവക മെത്രാപ്പോലീത്താ മാർ തേവോദോസിയോസ് ആണ് സമീപം.

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas